കേരള സംസ്ഥാന ന്യൂനപക്ഷകമ്മീഷൻ
ആഞ്ജനേയ, ടി.സി. 9/1023 (2), ശാസ്തമംഗലം, തിരുവനന്തപുരം – 10
ഫോൺ : 0471 2315133, 2315122

# കേരള സംസ്ഥാന ന്യൂനപക്ഷകമ്മീഷൻ

## കൈപ്പുസ്തകം

കേരള സംസ്ഥാന ന്യൂനപക്ഷകമ്മീഷൻ
ആഞ്ജനേയ, ടി.സി. 9/1023 (2), ശാസ്തമംഗലം, തിരുവനന്തപുരം – 10
ഫോൺ : 0471 2315133, 2315122

# കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ

2014-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്ട് പ്രകാരം ന്യൂനപക്ഷങ്ങളുടെ സമഗ്രമായ വിദ്യാഭ്യാസ പുരോഗതിക്കും ക്ഷേമത്തിനും സംരക്ഷണത്തിനും ശാക്തീകരണത്തിനും വേണ്ടി രൂപീകൃതമായ ഒരു സ്ഥാപനമാണ് കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ.

ന്യൂനപക്ഷങ്ങൾക്ക് സമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവും ഭാഷാപരവുമായുള്ള അവകാശങ്ങളും സംരക്ഷണ വ്യവസ്ഥകളും ആനുകൂല്യങ്ങളും നഷ്ടപ്പെടുന്നതിനെക്കുറിച്ചുള്ള പ്രത്യേക പരാതികളിന്മേൽ അന്വേഷണം നടത്തുകയും അത്തരം കാര്യങ്ങൾ ബന്ധപ്പെട്ട അധികാര സ്ഥാനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരികയും പരിഹാര നടപടികൾ നിർദ്ദേശിക്കുകയും അതു സംബന്ധിച്ച തുടർ നടപടികൾ നിരീക്ഷിക്കുകയും ചെയ്യുക എന്നത് കമ്മീഷന്റെ ചുമതലയിൽപ്പെട്ടതാണ്.

കമ്മീഷന്റെ ചുമതലകൾ നിർവ്വഹിക്കുമ്പോൾ ഒരു വ്യവഹാരം വിചാരണ ചെയ്യുന്ന സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളും കമ്മീഷനുണ്ട്. കമ്മീഷൻ നടത്തുന്ന അന്വേഷണത്തെ സംബന്ധിക്കുന്ന തെളിവെടുപ്പിന് വേണ്ടിയുള്ള ആവശ്യത്തിലേക്കായി സംസ്ഥാന സർക്കാരിന്റെ ഏതൊരു ഉദ്യോഗസ്ഥന്റെയോ അന്വേഷണ ഏജൻസിയുടെയോ സേവനം ഉപയോഗപ്പെടുത്താൻ കമ്മീഷന് അധികാരമുണ്ട്.

കമ്മീഷന്റെ ഘടന ചെയർമാനും ഒരു വനിതാമെമ്പർ ഉൾപ്പെടെ 2 മെമ്പർമാരും ഉൾപ്പെടുന്നതാണ് കമ്മീഷൻ.

തിരുവനന്തപുരം ശാസ്തമംഗലം ടി സി 9/1023(2), ആഞ്ജനേയ എന്ന കെട്ടിടത്തിലെ ഒന്നാം നില യിൽ കമ്മീഷൻ പ്രവർത്തിച്ചു വരുന്നു. കമ്മീഷനിലെ ഉദ്യോഗസ്ഥരും മറ്റ് ജീവനക്കാരും താഴെ പറയു ന്നവരാണ്.

| | | | |
|---|---|---|---|
| 1. | മെമ്പർ സെക്രട്ടറി | – | 1 |
| 2. | രജിസ്ട്രാർ | – | 1 |
| 3. | ഫിനാൻസ് ഓഫീസർ | – | 1 |
| 4. | സെക്ഷൻ ഓഫീസർ | – | 1 |
| 5. | അസിസ്റ്റന്റ് | – | 2 |
| 6. | ജൂനിയർ അസിസ്റ്റന്റ് / ലോവർ ഡിവിഷൻ ക്ലാർക്ക് | – | 2 |
| 7. | പേഴ്സണൽ അസിസ്റ്റന്റ് | – | 1 |
| 8. | ആഫീസ് അറ്റന്റഡന്റ് കം- ഡ്രൈവർ | – | 2 |
| 9. | പാർട്ട് ടൈം സ്വീപ്പർ | – | 1 |

ന്യൂനപക്ഷങ്ങൾക്കും/ന്യൂനപക്ഷ സ്ഥാപനങ്ങൾക്കുമുള്ള പരാതികൾ രേഖാമൂലം തയ്യാറാക്കി കമ്മീഷൻ ഓഫീസിൽ നേരിട്ടോ തപാൽ മാർഗ്ഗമോ നൽകാവുന്നതാണ്. കമ്മീഷൻ നടത്തുന്ന ജില്ലാതല സിറ്റിങ്ങുകളിലും പരാതികൾ നേരിട്ട് സ്വീകരിക്കുന്നതാണ്. പരാതി സമർപ്പിക്കുന്നതിന് യാതൊരുവിധ ഫീസും നൽകേണ്ടതില്ല. പരാതി ബോധിപ്പിക്കുന്ന വ്യക്തിയുടെയോ സ്ഥാപനത്തിന്റെയോ പൂർണ്ണമായ മേൽവിലാസം(പിൻകോഡും ഫോൺനമ്പറും സഹിതം))പരാതിയിൽ കാണിക്കേണ്ടതാണ്. പരാതിക്കാരന്റെ പേരും വിലാസവും ഒപ്പും ഇല്ലാത്ത പരാതി കമ്മീഷൻ സ്വീകരിക്കുന്നതല്ല. കമ്മീഷനിൽ നേരിട്ട് നൽകാതെ മറ്റേതെങ്കിലും അധികാരികൾക്കയച്ച പരാതിയുടെ പകർപ്പ് കമ്മീഷൻ സ്വീകരിക്കുന്നതല്ല.

**പരാതി സമർപ്പിക്കേണ്ട വിലാസം**

**രജിസ്ട്രാർ,**
**കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ**
**ആഞ്ജനേയ, ടി.സി 9/1023(2), ശാസ്തമംഗലം, തിരുവനന്തപുരം-10**

## I. സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പ് സംസ്ഥാന ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ

1. വിധവകൾ/വിവാഹബന്ധം വേർപെടുത്തിയവർ/ഉപേക്ഷിക്കപ്പെട്ടവർ എന്നീ വിഭാഗങ്ങളിലെ സ്ത്രീകൾക്കുള്ള ഇമ്പിച്ചി ബാവ ഭവന പുനരുദ്ധാരണ പദ്ധതി.
2. വ്യക്തിത്വ വികസന കരിയർ ഗൈഡൻസ് പരിശീലനം.
3. പ്രീ മാരിറ്റൽ കൗൺസിലിംഗ്.
4. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്. (ന്യൂനപക്ഷ വിഭാഗത്തിലെ സമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് അവാർഡ്)
5. സി.എച്ച്. മുഹമ്മദ്കോയ സ്കോളർഷിപ്പ്.
6. സ്വകാര്യ ഐ.റ്റി.ഐ വിദ്യാർത്ഥികൾക്ക് ഫീ–റീഇംബേഴ്സ്മെന്റ് സ്കീം.
7. ചാർട്ടേർഡ് അക്കൗണ്ടൻസി / കോസ്റ്റ് വർക്ക് അക്കൗണ്ടൻസി/കമ്പനി സെക്രട്ടറിഷിപ്പ് എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്.
8. അഖിലേന്ത്യാ സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന ഉദ്യോഗാർത്ഥികൾക്ക് കോഴ്സ് ഫീസ് / ഹോസ്റ്റൽ സ്റ്റൈപ്പന്റ് റീഇംബേഴ്സ് ചെയ്യുന്ന പദ്ധതി.
9. ഉറുദു ഒന്നാം ഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും A+ നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ്.
10. ഡോ. എ.പി.ജെ അബ്ദുൽ കലാം സ്കോളർഷിപ്പ്.
11. മദർ തെരേസ സ്കോളർഷിപ്പ്.
12. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ കുടിവെള്ള വിതരണ പദ്ധതി.
13. ന്യൂനപക്ഷ യുവജനതയ്ക്കായുള്ള സൗജന്യ പരിശീലന കേന്ദ്രങ്ങളും(സി.സി.എം.വൈ) ഉപകേന്ദ്രങ്ങളും.
14. യു.ജി.സി/സി.എസ്.ഐ.ആർ–നെറ്റ് കോച്ചിംഗ് (2021–22).
15. എൻ.റ്റി.എസ് കോച്ചിംഗ് (2021–22).
16. സ്റ്റഡിയിംഗ് എബ്രോഡ് (2021–22).
17. ന്യൂനപക്ഷ സർട്ടിഫിക്കറ്റ്
18. കേരളാ മദ്രസാ അദ്ധ്യാപകക്ഷേമനിധിയും പെൻഷൻ പദ്ധതിയും.
    - എ) പെൻഷൻ പദ്ധതി.
    - ബി) വിവാഹ ധനസഹായം.
    - സി) ചികിത്സാ ധനസഹായം.
    - ഡി) എസ്.എസ്.എൽ.സി, പ്ലസ് ടു വിദ്യാർത്ഥികൾക്കുള്ള ക്യാഷ് അവാർഡ്.
    - ഇ) പലിശ രഹിത ഭവന വായ്പ പദ്ധതി.
    - എഫ്) പരാതികൾ പരിഹരിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ.

## II. കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന്റെ സാമ്പത്തിക സഹായത്താൽ ന്യൂനപക്ഷക്ഷേമ വകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന പദ്ധതികൾ

മൾട്ടി സെക്ടറൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം (എം.എസ്.ഡി.പി) / പ്രധാൻ മന്ത്രി ജൻ വികാസ് കാര്യക്രം ( പി.എം.ജെ.വി.കെ)

## III. കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം നേരിട്ട് ധനസഹായം അനുവദിക്കുന്ന പദ്ധതികൾ

1. ന്യൂനപക്ഷ വനിതകൾക്ക് നേതൃപരിശീലനം (നയ്റോശ്നി)
2. ന്യൂനപക്ഷ വിഭാഗങ്ങൾക്ക് തൊഴിലധിഷ്ഠിത പരിശീലനം (സീക്കോ ഓർ കമാവോ)
3. വിദേശത്ത് പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ലോണുകൾക്ക് സബ്സിഡി (പഠോ പർദേശ്)
4. സ്കൂൾ വിദ്യാഭ്യാസം പാതി വഴിയിൽ നിന്നു പോയ ന്യൂനപക്ഷ വിദ്യാർത്ഥികളെ കണ്ടെത്തി വിദ്യാഭ്യാസവും തൊഴിലും ഉറപ്പ് വരുത്തുന്ന പദ്ധതി (നയി മൻസിൽ)
5. പരമ്പരാഗത കലാകാരന്മാരുടെയും കരകൗശല പണിക്കാരുടെയും പരിശീലനത്തിനും നൈപുണ്യ വികസനത്തിനുമുള്ള പദ്ധതി. (ഉസ്താദ്)
6. ഇന്ത്യൻ സംസ്കാരത്തിന്റെ പശ്ചാത്തലത്തിൽ ന്യൂനപക്ഷ ജനവിഭാഗങ്ങളുടെ സാംസ്കാരിക-പൈതൃകം കാത്തു സംരക്ഷിക്കുന്നതിനുള്ള പദ്ധതി (ഹമാരി ധരോഹർ)
7. യു.പി.എസ്.സി, എസ്.സി, എസ്.പി.എസ്.സി മുതലായവ സംഘടിപ്പിക്കുന്ന മത്സര പരീക്ഷകളുടെ പ്രിലിമിനറി പാസ്സാകുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് തുടർ പരിശീലനത്തിനുള്ള കേന്ദ്ര സർക്കാരിന്റെ ധനസഹായം (നയി ഉഡാൻ)
8. എം.ഫിൽ, പി.എച്ച്.ഡി-യിക്ക് പഠിക്കുന്ന ഗവേഷണ വിദ്യാർത്ഥികൾക്ക് അഞ്ചു വർഷം വരെ സമഗ്ര ഫെല്ലോഷിപ്പ് നൽകുന്ന പദ്ധതി. (മൗലാനാ ആസാദ് നാഷണൽ ഫെല്ലോഷിപ്പ്)
9. ന്യൂനപക്ഷ മത വിഭാഗക്കാർക്ക് മത്സര പരീക്ഷകൾക്കും തൊഴിൽ അധിഷ്ഠിത കോഴ്സുകൾക്കും സൗജന്യ കോച്ചിംഗ് പദ്ധതി. (ഫ്രീ കോച്ചിംങ് ആന്റ് അലൈഡ് സ്കീം)

## IV. ന്യൂനപക്ഷ ക്ഷേമവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കി വരുന്ന സ്കോളർഷിപ്പുകൾ.

1. പ്രിമെട്രിക് സ്കോളർഷിപ്പ് (പൊതു വിദ്യാഭ്യാസ വകുപ്പ്)
2. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് (കോളേജ് വിദ്യാഭ്യാസ വകുപ്പ്)
3. മെറിറ്റ്-കം-മീൻസ് സ്കോളർഷിപ്പ് (സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്)

## <u>സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് സംസ്ഥാന ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളെ സംബന്ധിച്ച വിശദവിവരം</u>

### 1) <u>ഇമ്പിച്ചി ബാവ ഭവന പുനരുദ്ധാരണ പദ്ധതി</u>

- ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെടുന്ന വിധവകൾ/വിവാഹബന്ധം വേർപ്പെടുത്തിയവർ/ഉപേക്ഷിക്കപ്പെട്ടവർ-എന്നീ വിഭാഗത്തിലെ സ്ത്രീകൾക്ക് മാത്രമായി നടപ്പാക്കുന്ന പദ്ധതി
- ശരിയായ വാതിലുകൾ, ജനലുകൾ എന്നിവയില്ലാത്ത അപൂർണ്ണമായ വീടുകളിൽ അടച്ചുറപ്പില്ലാതെ താമസിക്കുന്ന വിധവകൾക്കാണ് ഭവന പുനരുദ്ധാരണ പദ്ധതി.
- ബി.പി.എൽ കുടുംബം, അപേക്ഷകയ്ക്കോ അവരുടെ മക്കൾക്കോ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ, പെൺകുട്ടികൾ മാത്രമുള്ള അപേക്ഷക തുടങ്ങിയവർക്ക് മുൻഗണന ലഭിക്കും.
- 50,000 രൂപയാണ് ധനസഹായ തുക.

- വീട് റിപ്പയർ ചെയ്യാനുള്ള അപേക്ഷയോടൊപ്പം വീടിന്റെ വിസ്തീർണ്ണം 1200 സ്ക്വയർ ഫീറ്റിൽ കുറവാണ് എന്ന് സാക്ഷ്യപ്പെടുത്തുന്ന വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കണം.

(വിധവകൾ/വിവാഹബന്ധം വേർപ്പെടുത്തിയവർ/ ഉപേക്ഷിക്കപ്പെട്ടവർ എന്നീ വിഭാഗത്തിലെ മുൻപ് നൽകിയിരുന്ന ഇമ്പിച്ചി ബാവ ഭവന നിർമ്മാണ പദ്ധതി ലൈഫ് പദ്ധതിയുടെ വരവോടു കൂടി നടപ്പാക്കുന്നില്ല. എന്നാൽ 2017-18 സാമ്പത്തിക വർഷം വരെ അനുവദിച്ച വീടുകളുടെ പൂർത്തീകരണത്തിന് തുക അനുവദിക്കുന്നുണ്ട്.)

2) **<u>കരിയർ ഗൈഡൻസ് പരിശീലനം</u>**

- വിദ്യാർത്ഥികളുടെ അഭിരുചിക്കനുസരിച്ച് വിവിധ കോഴ്സുകൾ തെരഞ്ഞെടുക്കുന്നതിനും ഭാവിയിൽ ഉചിതമായ ഉപരിപഠന മേഖലകൾ കണ്ടെത്തുന്നതിനുമായി ജില്ലകൾ കേന്ദ്രീകരിച്ച് കരിയർ ഗൈഡൻസ് ക്ലാസ്സുകൾ.
- ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന എസ്.എസ്.എൽ.സി, പ്ലസ് ടു, വൊക്കേഷണൽ ഹയർ സെക്കന്ററി തുടങ്ങിയ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികളാണ് ഈ പദ്ധതിയുടെ മുഖ്യഗുണഭോക്താക്കൾ.
- ബി.പി.എൽ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് മുൻഗണന നൽകിക്കൊണ്ട് 30% സീറ്റുകൾ പെൺകുട്ടികൾക്ക് സംവരണം ചെയ്തിരിക്കുന്നു.
- സർക്കാർ/എയ്ഡഡ് സ്ക്കൂളുകളിൽ ഹൈസ്ക്കൂൾ-ഹയർ സെക്കന്ററി ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ക്യാമ്പിൽ പങ്കെടുക്കാം.
- കഴിഞ്ഞ അദ്ധ്യയന വർഷത്തിലെ വാർഷിക പരീക്ഷയിൽ ചുരുങ്ങിയത് 60% മാർക്ക് വിദ്യാർത്ഥി നേടിയിരിക്കണം. ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് എസ്.എസ്.എൽ.സി പരീക്ഷയുടെ മാർക്ക് യോഗ്യതാ മാനദണ്ഡമായി പരിഗണിക്കും.
- ഒരു ക്യാമ്പിൽ പരമാവധി 100 വിദ്യാർത്ഥികൾക്കാണ് അവസരം. ഓരോ ജില്ലയിലും പരമാവധി 10 ക്യാമ്പുകൾ വരെ സംഘടിപ്പിക്കും. കരിയർ ഗൈഡൻസ്, വ്യക്തിത്വ വികസനം, നേതൃത്വ പാടവം തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ധരായ പരിശീലകർ ക്യാമ്പിൽ നേതൃത്വം നൽകും.

3) **പ്രീ മാരിറ്റൽ കൗൺസിലിംഗ്**

- ന്യൂനപക്ഷ വിഭാഗത്തിലെ വിവാഹ ജീവിതത്തിലേയ്ക്ക് പ്രവേശിക്കുന്ന യുവതീ യുവാക്കൾക്ക് പ്രത്യേക കൗൺസിലിംഗ്.
- വിവാഹ ജീവിതത്തിന്റെ സാമൂഹിക പ്രാധാന്യം സന്തുഷ്ട കുടുംബ മാതൃക, കോൺഫ്ളിക്ട് മാനേജ്മെന്റ്, പേരന്റിംഗ്, ബജറ്റിംഗ്, നിയമവശങ്ങൾ, ലൈംഗിക ആരോഗ്യ വിഷയങ്ങൾ എന്നിവ സംബന്ധിച്ച പഠനം. വകുപ്പിന് കീഴിലുള്ള പരിശീലന കേന്ദ്രങ്ങൾ മുഖേനയും മഹല്ല് ജമാത്തുകൾ വഴിയും, എൻ.ജി.ഒ.എസ് വഴിയും കൗൺസിലിംഗ് നടത്തുന്നു.

4) **ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് (ന്യൂനപക്ഷ വിഭാഗത്തിലെ സമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് അവാർഡ്)**

- എസ്.എസ്.എൽ.സി/പ്ലസ്ടു/വി.എച്ച്.എസ്.ഇ തുടങ്ങിയവക്ക് എല്ലാ വിഷയങ്ങൾക്കും എ+ ഗ്രേഡ്/ 90%-മാർക്ക് നേടിയവർക്കും ബിരുദത്തിന് 80%-മാർക്ക് നേടിയവർക്കും ബിരുദാനന്തര ബിരുദത്തിന് 75%-മാർക്ക് നേടിയവർക്കും നൽകുന്ന സ്കോളർഷിപ്പ് അവാർഡ്
- എസ്.എസ്.എൽ.സി/പ്ലസ്ടു/വി.എച്ച്.എസ്.ഇ വിദ്യാർത്ഥികൾക്ക് 10,000/- രൂപയും, ബിരുദം/ബിരുദാനന്തര വിദ്യാർത്ഥികൾക്ക് 15,000/ രൂപയുമാണ് സ്കോളർഷിപ്പ് അവാർഡ്
- ബി.പി.എൽ വിദ്യാർത്ഥികൾക്ക് മുൻഗണന. വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത് മെറിറ്റിന്റെയും താഴ്ന്ന വരുമാന പരിധിയുടെയും അടിസ്ഥാനത്തിലായിരിക്കും.

- ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന ബി.പി.എൽ വിദ്യാർത്ഥികളുടെ അഭാവത്തിൽ 8 ലക്ഷം രൂപ വരുമാന പരിധിയിലുള്ള ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന മറ്റ് വിദ്യാർത്ഥികൾക്കും ഈ ആനുകൂല്യം ലഭിക്കും.
- www.minoritywelfare.kerala.gov.in എന്ന വകുപ്പിന്റെ വെബ്സൈറ്റിലൂടെ ഓൺലൈൻ മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

**5) സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ്**

- സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലകളിൽ പിന്നാക്കം നിൽക്കുന്ന ന്യൂനപക്ഷ വിഭാഗങ്ങളിലെ പെൺകുട്ടികൾക്ക് വിദ്യാഭ്യാസപരമായ പുരോഗതി ലക്ഷ്യം വച്ച് സംസ്ഥാന സർക്കാർ നടപ്പാക്കി വരുന്ന പദ്ധതിയാണിത്.
- ബിരുദത്തിന് പഠിക്കുന്ന 3000 വിദ്യാർത്ഥിനികൾക്ക് 5000/ രൂപ വീതവും, ബിരുദാനന്തര ബിരുദത്തിന് പഠിക്കുന്ന 1000 വിദ്യാർത്ഥിനികൾക്ക് 6000/ രൂപ വീതവും പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന 1000 വിദ്യാർത്ഥിനികൾക്ക് 7000/ രൂപ വീതവും ഹോസ്റ്റൽ സ്റ്റൈപ്പന്റ് 2000 പേർക്ക് 13000 രൂപ വീതവും പ്രതിവർഷം നൽകുന്നു.
- www.minoritywelfare.kerala.gov.in എന്ന വകുപ്പിന്റെ വെബ്സൈറ്റിലൂടെ ഓൺലൈൻ മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

**6) സ്വകാര്യ ഐ.റ്റി.ഐ-കളിൽ വിവിധ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള ഫീ-റീഇംബേഴ്സ്മെന്റ് സ്കീം.**

- സർക്കാർ അംഗീകൃത സ്വകാര്യ ഐ.റ്റി.ഐ-കളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് അടച്ച ഫീസ് തിരിച്ചു നൽകുന്ന പദ്ധതി.
- പ്രതിവർഷം 10,000/- എന്ന തോതിൽ സാമ്പത്തിക സഹായം നൽകുന്ന പദ്ധതി.
- ബി.പി.എൽ വിദ്യാർത്ഥികളുടെ അഭാവത്തിൽ 8 ലക്ഷം രൂപ വരുമാന പരിധിയിലുള്ള മറ്റ് വിദ്യാർത്ഥികൾക്കും ഈ ആനുകൂല്യം ലഭിക്കും.
- ഇവയിൽ 10% പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു.
- വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത് മെറിറ്റിന്റെയും താഴ്ന്ന വരുമാന പരിധിയുടെയും അടിസ്ഥാനത്തിലായിരിക്കും.
- www.minoritywelfare.kerala.gov.in എന്ന വകുപ്പിന്റെ വെബ്സൈറ്റിലൂടെ ഓൺലൈൻ മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

**7) ചാർട്ടേർഡ് അക്കൗണ്ടൻസി / കോസ്റ്റ് വർക്ക് അക്കൗണ്ടൻസി/ കമ്പനി സെക്രട്ടറിഷിപ്പ് എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്.**

- സി.എ/ഐ.സി.ഡബ്ല്യു.എ/സി.എസ് കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനുള്ള പദ്ധതി. 60% മാർക്കോടെ +2 പാസ്സായവരായിരിക്കണം അപേക്ഷകർ.
- ഫൗണ്ടേഷൻ/ കോമൺ പ്രൊഫിഷൻസി ടെസ്റ്റിന് പഠിക്കുന്നവർക്കും ഇന്റർ മീഡിയേറ്റ്/എക്സിക്യൂട്ടീവ് ഫൈനൽ/പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കും 15,000/രൂപ വീതവുമാണ് സ്കോളർഷിപ്പ്.
- 30% സീറ്റ് പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു.
- വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത് മെറിറ്റിന്റെയും താഴ്ന്ന വരുമാന പരിധിയുടെയും അടിസ്ഥാനത്തിലായിരിക്കും.
- ബി.പി.എൽ.വിഭാഗത്തിൽപ്പെടുന്ന അപേക്ഷകരുടെ അഭാവത്തിൽ മാത്രം 8 ലക്ഷം രൂപ വരുമാന പരിധിയിൽപ്പെടുന്നവരെയും പരിഗണിക്കും.
- www.minoritywelfare.kerala.gov.in എന്ന വകുപ്പിന്റെ വെബ്സൈറ്റിലൂടെ ഓൺലൈൻ മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

**8) അഖിലേന്ത്യാ സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ് / ഹോസ്റ്റൽ ഫീസ് റീഇംബേഴ്സ് ചെയ്യുന്ന പദ്ധതി**

- സിവിൽ സർവ്വീസ് പരീക്ഷക്ക് തയ്യാറെടുക്കുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളിലെ ഉദ്യോഗാർത്ഥികൾക്ക് കോഴ്സ് ഫീ/ ഹോസ്റ്റൽ ഫീസ് റീഇംബേഴ്സ്മെന്റ് പദ്ധതി.
- കേരള സിവിൽ സർവ്വീസ് അക്കാദമി, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ റിസർച്ച് സ്റ്റഡീസ്-പൊന്നാനി. യൂണിവേഴ്സിറ്റികൾ നടത്തുന്ന പരിശീലന കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളിലെ പഠിതാക്കൾക്ക് അപേക്ഷിക്കാം. ( ഐ.സി.ആർ.എസ് പൊന്നാനി സെന്ററിലെ സീറ്റുകൾ മൈനോറിറ്റി വിഭാഗത്തിന് റിസർവ്വ് ചെയ്തിട്ടുണ്ട്.)
- വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത് വരുമാന പരിധിയുടെ അടിസ്ഥാനത്തിലായിരിക്കും. ബി.പി.എൽ വിഭാഗത്തിന്റെ അഭാവത്തിൽ വാർഷിക വരുമാനം 8 ലക്ഷത്തിൽ താഴെയുള്ളവരെ പരിഗണിക്കുന്നതാണ്.
- ഒരു ഉദ്യോഗാർത്ഥിക്ക് കോഴ്സ് ഫീ ഇനത്തിൽ 20,000/ രൂപയും, ഹോസ്റ്റൽ ഫീ ഇനത്തിൽ 10,000/രൂപയും പരമാവധി നൽകും.
- ഒരു സാമ്പത്തിക വർഷം 200 ഉദ്യോഗാർത്ഥികൾക്ക് ഇതിന്റെ പ്രയോജനം ലഭ്യമാകും.
- www.minoritywelfare.kerala.gov.in എന്ന വകുപ്പിന്റെ വെബ്സൈറ്റിലൂടെ ഓൺലൈൻ മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

**9) ഉറുദു ഒന്നാം ഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ഗ്രേഡ് നേടിയ എസ്.എസ്.എൽ.സി & ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് (പർവാസ്)**

- ഉറുദു ഐച്ഛികഭാഷയായെടുത്ത് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ഗ്രേഡ് നേടിയ എസ്.എസ്.എൽ.സി & ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് നൽകുന്ന പദ്ധതിയാണിത്.
- ഒരു വിദ്യാർത്ഥിക്ക് 1000/ രൂപാ നിരക്കിൽ ക്യാഷ് അവാർഡ് നൽകുന്നു.

**10) ഡോ. എ.പി.ജെ അബ്ദുൽ കലാം സ്കോളർഷിപ്പ്.**

സർക്കാർ എയ്ഡഡ് പോളിടെക്നിക്, സർക്കാർ അംഗീകൃത സ്വാശ്രയ പോളിടെക്നിക്കുകളിലെ ത്രിവത്സര ഡിപ്ലോമ കോഴ്സിനു പഠിക്കുന്നവർക്ക് പ്രതിവർഷം 6000 രൂപ സ്കോളർഷിപ്പ് നൽകുന്ന പദ്ധതി. പ്രതിവർഷം 1000 വിദ്യാർത്ഥികൾക്ക് പ്രയോജനം. ഇവയിൽ 30% പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു.

**11) മദർ തെരേസ സ്കോളർഷിപ്പ്.**

നേഴ്സിംഗ് ഡിപ്ലോമ/ പാരാമെഡിക്കൽ കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് നൽകുന്ന പദ്ധതി.

- അപേക്ഷകർ യോഗ്യതാ പരീക്ഷയിൽ 50%-ത്തിൽ കുറയാത്ത മാർക്ക് നേടിയവരും കുടുംബ വാർഷിക വരുമാനം 8 ലക്ഷം രൂപയിൽ താഴെയുള്ളവരും ആയിരിക്കണം.
- വിദ്യാർത്ഥികൾക്ക് പ്രതി വർഷം 15,000/- രൂപ സ്കോളർഷിപ്പ് നൽകുന്നതാണ് ഈ പദ്ധതി. ഇവയിൽ 50% പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു.

**12) ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ കുടിവെള്ള വിതരണ പദ്ധതി.**

- ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ കുടിവെള്ള ദൗർല്ലഭ്യം പരിഹരിക്കുന്നതിന് സംസ്ഥാന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതി.
- കേരള വാട്ടർ അതോറിറ്റി മുഖേനയുള്ള പ്രൊപ്പോസലുകൾ/ എസ്റ്റിമേറ്റുകൾ വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അംഗീകാരത്തോടു കൂടി അസ്സൽ പ്രൊപ്പോസലുകൾ വകുപ്പിന് നേരിട്ട് സമർപ്പിക്കാവുന്നതാണ്.
- സംസ്ഥാനത്ത് അതത് ജില്ലകളിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ / ബന്ധപ്പെട്ട ജില്ലകളിലെ പഞ്ചായത്ത്/ മുൻസിപ്പാലിറ്റി/ സന്നദ്ധ സംഘടനകൾ മുഖേന അപേക്ഷ സമർപ്പിക്കാവുന്നതാണ്.
- തെരഞ്ഞെടുക്കപ്പെടുന്ന പ്രദേശങ്ങളിലെ പദ്ധതി പൂർത്തീകരിച്ചാൽ വരുംകാലങ്ങളിലെ മേൽനോട്ടം ബന്ധപ്പെട്ട പഞ്ചായത്ത്/മുനിസിപ്പാലിറ്റി/

കോർപ്പറേഷൻ നടത്തുമെന്ന സാക്ഷ്യപത്രം പ്രോപ്പോസലിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

- ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശമാണെന്ന ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സാക്ഷ്യപത്രം അപേക്ഷയോടൊപ്പം സമർപ്പിക്കണം.

13) <u>ന്യൂനപക്ഷ യുവജനതയ്ക്കായുള്ള സൗജന്യ പരിശീലന കേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും.</u>

- കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷൻ, ബാങ്കിംഗ് സർവ്വീസ് പരീക്ഷകൾ, റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡ് തുടങ്ങിയ ഏജൻസികൾ നടത്തുന്ന മത്സര പരീക്ഷകൾ, വിവിധ കോഴ്സുകൾക്കായുള്ള എൻട്രൻസ് പരീക്ഷകൾ എന്നിവക്കായുള്ള സൗജന്യ പരിശീലനമാണ് ഈ കേന്ദ്രങ്ങൾ വഴി മുഖ്യമായും നൽകി വരുന്നത്.
- തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥിക്ക് പരമാവധി 6 മാസം വരെ പരിശീലനം നൽകുന്നു.
- ജനുവരി മുതൽ ജൂൺ വരെയും ജൂലൈ മുതൽ ഡിസംബർ വരെയുമാണ് കോഴ്സ് കാലാവധി
- 14 ജില്ലകളിലായി 24 പരിശീലന കേന്ദ്രങ്ങളും, 32 ഉപകേന്ദ്രങ്ങളും സംസ്ഥാനത്ത് നിലവിൽ പ്രവർത്തിച്ചു വരുന്നു.
- നിലവിലെ കോഴ്സുകൾക്ക് പുറമെ, കേന്ദ്ര-സംസ്ഥാന സർക്കാർ ഏജൻസികൾ പുറപ്പെടുവിക്കുന്ന വിജ്ഞാപന പ്രകാരം ജോലിക്ക് അപേക്ഷിച്ചിട്ടുള്ള 30 മുതൽ 40 വരെയുള്ള ഉദ്യോഗാർത്ഥികൾ പരിശീലനം ആവശ്യപ്പെടുന്ന പക്ഷം നിശ്ചിത കാലദൈർഘ്യത്തിലേക്ക് ക്ലാസ്സുകൾ നൽകുന്നു.

14) <u>യു.ജി.സി/സി.എസ്.ഐ.ആർ-നെറ്റ് കോച്ചിംഗ് (2021-22)</u>

- ഇന്ത്യൻ യൂണിവേഴ്സിറ്റികളിലും/കോളേജുകളിലും അസിസ്റ്റന്റ് പ്രൊഫസർ/ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പ്-ന് തയ്യാറെടുക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്ന പദ്ധതിയാണിത്.
- യൂണിവേഴ്സിറ്റി ഗ്രാന്റ് കമ്മീഷനുവേണ്ടി എൻ.റ്റി.എ (നാഷണൽ ടെസ്റ്റിംഗ് ഏജൻസി) മുഖേന യോഗ്യത പരീക്ഷ നടത്തുന്നു.
- 1500 വിദ്യാർത്ഥികൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കും.
- ഉന്നത വിദ്യാഭ്യാസ മേഖലയിൽ ന്യൂനപക്ഷ വിഭാഗങ്ങളുടെ തൊഴിൽ യോഗ്യതയും പ്രാതിനിധ്യവും വർദ്ധിപ്പിക്കുന്ന പദ്ധതി.
- ടി പദ്ധതി ആനുകൂല്യം 30% പെൺകുട്ടികൾക്ക് മാത്രമായി സംവരണം ചെയ്തിട്ടുണ്ട്.

15) <u>എൻ.റ്റി.എസ് കോച്ചിംഗ്( 2021-22)</u>

- ദേശീയതലത്തിൽ നൽകി വരുന്ന സ്കോളർഷിപ്പുകളിൽ ന്യൂനപക്ഷ വിഭാഗങ്ങളുടെ പ്രാതിനിധ്യം ഉറപ്പു വരുത്തുന്നതിന് പരിശീലനം നൽകുന്ന പദ്ധതി.
- രണ്ട് ഘട്ടങ്ങളിലായി നടക്കുന്ന പരീക്ഷയിൽ ഒന്നാം ഘട്ടം സംസ്ഥാന/യൂണിയൻ ടെറിട്ടറീസ്-ഉം രണ്ടാം ഘട്ടം എൻ.സി.ആർ.റ്റി.മുഖേനയും നടക്കുന്നു.
- ഒന്നാം ഘട്ടം പരീക്ഷ പാസാകുന്ന വിദ്യാത്ഥികൾക്ക് മാത്രമാണ് രണ്ടാം ഘട്ട പരീക്ഷയ്ക്ക് യോഗ്യത ലഭിക്കുന്നത്.

- പ്രസ്തുത പരീക്ഷയിൽ യോഗ്യത നേടുന്നതോടൊപ്പം ദേശീയതലത്തിൽ വിദ്യാർത്ഥികൾക്ക് തങ്ങളുടെ അഭിരുചിക്കനുസരിച്ച് കോഴ്സുകൾ തെരഞ്ഞെടുക്കുവാനും സ്കോളർഷിപ്പ് കരസ്ഥമാക്കുവാനും കഴിയും.
- ആരംഭ ഘട്ടത്തിൽ 1000 വിദ്യാർത്ഥികൾക്ക് ടി പദ്ധതിയുടെ പ്രയോജനം ലഭിക്കും.
- ടി പദ്ധതി ആനുകൂല്യം 30% പെൺകുട്ടികൾക്ക് മാത്രമായി സംവരണം ചെയ്തിട്ടുണ്ട്.

## 16) സ്റ്റഡിയിംഗ് എബ്രോഡ്(2021–22)

1. തെരഞ്ഞെടുക്കപ്പെട്ട വിദേശ സർവ്വകലാശാലകളിൽ മെഡിക്കൽ/ എഞ്ചിനീയറിംഗ് / പ്യുവർസയൻസ്/ അഗ്രികൾച്ചർ/ മാനേജ്മെന്റ് / നിയമം / സോഷ്യൽ സയൻസ് / ഹ്യുമാനിറ്റീസ് / ഭാഷകൾ /മറ്റ് കോഴ്സുകൾ പഠിക്കുന്നതിന് ന്യൂനപക്ഷ വിഭാഗത്തിന് അവസരം നൽകുന്ന പദ്ധതിയാണിത്.
2. ബിരുദതലത്തിൽ ഫണ്ട് ക്ലോസോ 60% മാർക്കോ നേടുന്ന വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പിന് അപേക്ഷിക്കുവാൻ അർഹത.
3. അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി പരമാവധി 40 വയസ്സ് വരെ ആണ്.
4. ബി.പി.എൽ വിദ്യാർത്ഥികളുടെ അഭാവത്തിൽ വാർഷിക വരുമാനം 8 ലക്ഷം രൂപവരെയുള്ളവർക്കും അപേക്ഷിക്കാം.
5. സ്കോളർഷിപ്പ് തുക പരമാവധി 10 ലക്ഷം.

## 17) ന്യൂനപക്ഷ സർട്ടിഫിക്കറ്റ്

- 1992–ലെ നാഷണൽ കമ്മീഷൻ ഫോർ മൈനോറിറ്റീസ് ആക്ട് പ്രകാരം ന്യൂനപക്ഷ സമുദായമായി അംഗീകരിക്കപ്പെട്ടിട്ടുള്ള മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, പാഴ്സി, ജൈനർ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് കേന്ദ്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾ / കേന്ദ്ര പൊതു മേഖല/ ധനകാര്യ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ പഠനത്തിനും ജോലിക്കുമായി സമീപിക്കുമ്പോൾ ഹാജരാക്കേണ്ടിയിരുന്ന ന്യൂനപക്ഷ സർട്ടിഫിക്കറ്റ് സർക്കാരിന്റെ ഇ-ഡിസ്ട്രിക്ട് പദ്ധതിയുടെ ഭാഗമായി 24-ാംമത്തെ സർട്ടിഫിക്കറ്റായി ഉൾപ്പെടുത്തിയിട്ടുണ്ട്..
- അക്ഷയ സെന്റർ മുഖേന സർട്ടിഫിക്കറ്റിന് അപേക്ഷിക്കാവുന്നതാണ്.

## 18) കേരളാ മദ്രസാ അദ്ധ്യാപകക്ഷേമ നിധി

ജസ്റ്റിസ് രജീന്ദ്ര സച്ചാർ കമ്മീഷൻ കേന്ദ്രസർക്കാരിന് സമർപ്പിച്ച റിപ്പോർട്ട് കേരളത്തിൽ നടപ്പാക്കുന്നത് സംബന്ധിച്ച് പഠനം നടത്തിയ മുൻ തദ്ദേശസ്വയം ഭരണ വകുപ്പ് മന്ത്രി ശ്രീ. പാലോളി മുഹമ്മദ് കുട്ടി അധ്യക്ഷനായ കമ്മറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, കേരളത്തിൽ മദ്രസ്സാദ്ധ്യാപകരായി സേവനം അനുഷ്ഠിക്കുന്ന അദ്ധ്യാപകരുടെ സാമൂഹികവും സാമ്പത്തികവുമായ വളർച്ചയും പുരോഗതിയും ലക്ഷ്യം വെച്ച് കൊണ്ട് 31.05.2010 ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പിൻ കീഴിൽ കോഴിക്കോട് ആസ്ഥാനമായി കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ഓഫീസ് പ്രവർത്തനമാരംഭിച്ചു.

- 18വയസ്സ് പൂർത്തിയായതും എന്നാൽ 55 വയസ്സ് പൂർത്തിയാകാത്തതുമായ മുസ്ലിം മതതത്വമോ അനുഷ്ഠാനമോ ആശയമോ പഠിപ്പിക്കുന്ന മദ്രസാധ്യാപകർക്ക് ഈ പദ്ധതിയിൽ അംഗമാകാം.

- എന്നാൽ കേന്ദ്ര–സംസ്ഥാന സർക്കാരിൽ നിന്നോ അർദ്ധസർക്കാർ സ്ഥാപനത്തിൽ നിന്നോ പെൻഷൻ ലഭിക്കുവാൻ അർഹതപ്പെട്ട സേവനത്തിൽപ്പെട്ട അദ്ധ്യാപകർക്ക് അംഗമാകാൻ കഴിയില്ല.
- വ്യക്തമായി പൂരിപ്പിച്ച അപേക്ഷകൾ **ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മദ്രസാദ്ധ്യാപക ക്ഷേമനിധി ഓഫീസ്, ചക്കോരത്ത്കുളം, വെസ്റ്റ്ഹിൽ.പി.ഒ, കോഴിക്കോട് 673005** എന്ന വിലാസത്തിൽ അയക്കണം. അപേക്ഷാഫാറം ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റ്, മദ്രസാദ്ധ്യാപക ക്ഷേമനിധി ആഫീസ്, ജില്ലാ കളക്ടറേറ്റുകളിലെ ന്യൂനപക്ഷക്ഷേമ സെക്ഷൻ, ക്ഷേമനിധി വെബ്സൈറ്റ് എന്നിവിടങ്ങളിൽ ലഭ്യമാണ്.
- 5 രൂപ സ്റ്റാമ്പ് ഒട്ടിച്ച് സ്വന്തം മേൽവിലാസം എഴുതിയകവർ സഹിതം കേരള മദ്രസധ്യാപക ക്ഷേമ നിധി യുടെ ഓഫീസിൽ അപേക്ഷിച്ചാൽ തപാലിലും അപേക്ഷാ ഫോറം ലഭിക്കും.
- അപേക്ഷാഫോറം **www.kmtboard.in** എന്ന വെബ്സൈറ്റിലും ലഭിക്കുന്നതാണ്.

### എ) അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ

- പാസ്പോർട്ട് സൈസ് ഫോട്ടോ 3 എണ്ണം
- വയസ്സ് തെളിയിക്കാൻ പാസ്പോർട്ട് അല്ലെങ്കിൽ സ്ക്കൂൾ സർട്ടിഫിക്കറ്റ് അല്ലെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന ജനന സർട്ടിഫിക്കറ്റ് എന്നിവയുടെ ശരിപ്പകർപ്പ്.
- മേൽപറഞ്ഞ രേഖകളുടെ അഭാവത്തിൽ, വിദ്യാലയത്തിലോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലോ അപേക്ഷകന്റെ ജനനതിയ്യതി സംബന്ധിച്ച രേഖകൾ ലഭ്യമല്ലെന്നു വ്യക്തമാക്കുന്ന ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നുള്ള റിപ്പോർട്ടിനോടൊപ്പം അസിസ്റ്റന്റ് സർജന്റെ റാങ്കിൽ താഴെയല്ലാത്ത മെഡിക്കൽ ഓഫീസറിൽ നിന്നുള്ള അപേക്ഷകന്റെ വയസ്സ് വ്യക്തമാക്കുന്ന ഒറിജിനൽ സർട്ടിഫിക്കറ്റും ഹാജരാക്കാവുന്നതാണ്.
- വിലാസം തെളിയിക്കുന്നതിനായി ആധാർ കാർഡിന്റെയോ, സർക്കാർ അംഗീകൃത തിരിച്ചറിയൽ രേഖകളുടെയോ പകർപ്പ്

### ബി. അംശാദായം അടയ്ക്കുന്ന വിധം

- അംഗങ്ങൾക്ക് കേരളത്തിലെ ഏത് സബ് പോസ്റ്റോഫീസിൽ നിന്നും അംശാദായം ഓൺലൈൻ സംവിധാനം വഴി അടയ്ക്കാവുന്നതാണ്.
- മാസത്തിൽ 100/– രൂപ (മദ്രസ്സാദ്ധ്യാപകൻ 50/ രൂപ, മാനേജ്മെന്റ് 50/ രൂപ) എന്ന നിരക്കിൽ ഒരു വർഷത്തേക്ക് 1200/– രൂപയാണ് അടവാക്കേണ്ടത്.
- മൂന്ന് മാസക്കാലത്തെ അംശാദായം ഒരുമിച്ച് അടവാക്കേണ്ടതാണ്. ആറു മാസത്തേയോ ഒരു വർഷത്തേയോ അംശാദായം ഒരുമിച്ച് മുൻകൂറായും അടവാക്കാവുന്നതാണ്.

### സി. ക്ഷേമനിധി അംഗത്വം റദ്ദാകുന്ന സാഹചര്യം

- മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗമായിരിക്കുന്നതിനുള്ള നിബന്ധനകൾ ലംഘിക്കുകയോ തെറ്റായ വിവരങ്ങൾ നല്കി അംഗത്വം നേടുകയോ അംശാദായം കൃത്യമായി അടയ്ക്കുന്നതിൽ വീഴ്ച വരുത്തുകയോ ചെയ്താൽ അംഗത്വം റദ്ദാക്കപ്പെടുന്നതാണ്.
- രണ്ടു വർഷം വരെ അംശാദായം വീഴ്ച വരുത്തിയതിനാൽ റദ്ദായ അംഗത്വം അംശാദായം പിഴസഹിതം അടവാക്കുമെന്ന വ്യവസ്ഥയിന്മേൽ പുനഃസ്ഥാപിക്കുവാൻ ക്ഷേമ നിധി മാനേജർക്ക് കഴിയുന്നതാണ്.

## മദ്രസാധ്യാപക ക്ഷേമനിധി നൽകുന്ന വിവിധ ആനുകൂല്യങ്ങൾ

### i) പെൻഷൻ പദ്ധതി

- 5 വർഷത്തിൽ കുറയാത്ത കാലം കുടിശ്ശികയില്ലാതെ അംശാദായമടച്ച് ക്ഷേമ നിധി അംഗത്വം നിലനിർത്തിയ മദ്രസ്സാദ്ധ്യാപക പ്രവൃത്തിയിൽ സ്വയം വിരമിച്ചതുമായ അംഗത്തിന് മിനിമം പെൻഷന് അർഹത.
- അംഗങ്ങൾക്ക് 60 വയസ്സിനുശേഷം ക്ഷേമനിധിയിലെ അംഗത്വ പ്രാബല്യമനുസരിച്ച് പെൻഷൻ ലഭിക്കുന്നതാണ്.
- പെൻഷന് അർഹതയുള്ള ക്ഷേമനിധി അംഗത്തിന് പെൻഷനു പകരം നിശ്ചിത തുക കൈപ്പറ്റാനുള്ള അവസരം/മിനിമം പെൻഷൻ ലഭിക്കാൻ ആവശ്യമായതുക നിലനിർത്തി ബാക്കി തുക (പരമാവധി 50%) കൈപ്പറ്റാനുള്ള അവസരം.
- സേവനത്തിലിരിക്കുമ്പോഴോ പെൻഷന് അർഹതനേടിയതിന് ശേഷമോ ക്ഷേമ നിധിയിലെ ഒരംഗം മരിക്കുകയാണെങ്കിൽ അംഗത്തിന്റെ പേരിലുള്ളതുക നോമിനിക്കോ അവകാശികൾക്കോ ലഭിക്കുന്നതാണ്.
- അംഗത്തിന്റെ പേരിൽ പെൻഷൻഫണ്ടായി നിക്ഷേപിക്കപ്പെടുന്ന തുക പെൻഷൻകാരുടെ കാലശേഷം പൂർണ്ണമായി അവകാശിക്ക് നല്കുന്നു.
- ക്ഷേമ നിധി അംഗത്വം റദ്ദാക്കപ്പെടുകയോ നിക്ഷേപം നിർത്തലാക്കപ്പെടുകയോ ചെയ്യുന്ന പക്ഷം അംഗത്തിന്റെ കണക്കിലുള്ള തുക തിരിച്ച് നൽകുന്നു.
- 2020 ഏപ്രിൽ മുതൽ 1500 രൂപ നിരക്കിൽ പെൻഷൻ നൽകി വരുന്നു.

**ii) വിവാഹ ധനസഹായം**

- മദ്രസ്സാദ്ധ്യാപക ക്ഷേമ നിധിയിൽ 2-വർഷം അംഗത്വകാലാവധി പൂർത്തിയാക്കി കുടിശ്ശികയില്ലാതെ അംഗത്വം നിലനിർത്തുന്ന മദ്രസാദ്ധ്യാപകരുടെ സ്വന്തം വിവാഹത്തിനും അവരുടെ പെൺമക്കളുടെവിവാഹത്തിനും25,000/-രൂപ വിവാഹ ധനസഹായം.
- വിവാഹ തീയതി കഴിഞ്ഞ് പരമാവധി 3 മാസത്തിനകം അപേക്ഷ സമർപ്പിച്ചിരിക്കണം.
- അപേക്ഷയോടൊപ്പം ക്ഷേമനിധി അംഗത്വകാർഡ്, വിഹിതമടച്ചതിന്റെ എല്ലാത്തിന്റെയും പകർപ്പ്, വിവാഹ ക്ഷണപത്രം, വിവാഹ സർട്ടിഫിക്കറ്റ്, റേഷൻ കാർഡ്, വിവാഹിതയുടെ വയസ്സ് തെളിയിക്കുന്നതിനുള്ള രേഖ, ബാങ്ക് അക്കൗണ്ട് ബുക്കിന്റെ പകർപ്പ് എന്നിവ സമർപ്പിക്കേണ്ടതാണ്.

**iii) എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ എല്ലാ വിഷയങ്ങളിലും എ പ്ലസ് ലഭിച്ച ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് ക്യാഷ് അവാർഡ്**

വിദ്യഭ്യാസത്തിന് പ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി ക്ഷേമനിധി അംഗങ്ങളുടെ എസ്.എസ്.എൽ.സി/ പ്ലസ്ടു പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും എ+ഗ്രേഡ് നേടിയ മക്കൾക്ക് 2000/-രൂപാ വീതം ക്യാഷ് അവാർഡ് നൽകുന്നു.

**iv) മദ്രസ്സാദ്ധ്യാപക ക്ഷേമനിധി അംഗങ്ങൾക്കുള്ള ഭവന പദ്ധതി**

- സ്വന്തമായി ഒരു വീട് എന്ന മദ്രസ്സാദ്ധ്യാപകന്റെ സ്വപ്നസാക്ഷാത്ക്കാരത്തിനായി ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷനുമായി സഹകരിച്ച് ക്ഷേമനിധി അംഗങ്ങൾക്ക് ഭവന നിർമ്മാണത്തിനായി പലിശരഹിത വായ്പ പദ്ധതി 2016 മുതൽ നടപ്പിലാക്കിവരുന്നു.
- മൂന്ന് സെന്റിൽ കുറയാത്ത സ്ഥലമുള്ള സ്വന്തമായി വീടില്ലാത്ത ക്ഷേമനിധി അംഗങ്ങൾക്ക് രണ്ടരലക്ഷം രൂപ ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷൻ വഴി പലിശരഹിത വായ്പയായി അനുവദിക്കുന്നു. വായ്പാതുക 84 മാസം കൊണ്ട് അടച്ച് തീർത്താൽ മതി. വായ്പ ലഭിച്ച് 6 മാസത്തിനു ശേഷം തിരിച്ച് അടച്ചാൽമതി.

**v) ചികിത്സാധന സഹായം**

ക്ഷേമനിധി അംഗങ്ങൾക്ക് കാൻസർ, ബൈപാസ് സർജറി, ആഞ്ജിയോ പ്ലാസ്റ്റി, കിഡ്നി / കരൾ മാറ്റിവെക്കൽ, പക്ഷാഘാതം തുടങ്ങി ഗുരുതര രോഗങ്ങൾക്കുള്ള ചികിത്സക്ക് 25000/-രൂപയും മറ്റ് അസുഖങ്ങൾക്കുള്ള ചികിത്സയ്ക്ക് 5000/- രൂപയും ധന സഹായം ലഭിക്കുന്നതാണ്.

**vi) പ്രസവധന സഹായം**

ക്ഷേമനിധി അംഗത്വമെടുത്ത് ഒരു വർഷം പൂർത്തിയായ വനിതാ അംഗത്തിന് പ്രസവത്തിന് 15,000/- രൂപ വീതം (പരമാവധി രണ്ടുതവണ) ധനസഹായം ലഭിക്കുന്നു.

**vii) മരണാനന്തര ധനസഹായം**

ക്ഷേമനിധി അംഗം മരിച്ചാൽ അവകാശിക്ക് താഴെ കൊടുത്ത വിധത്തിൽ മരണാനന്തര ധനസഹായം നൽകും. കൂടാതെ സംസ്ക്കാര ചടങ്ങുകൾക്കായി 5000 രൂപയും അനുവദിക്കും.

ഒരു വർഷംമുതൽ 5 വർഷം വരെ അംഗത്വമുള്ളവർ 10000 രൂപ

6 മുതൽ 10 വർഷം വരെ 15,000/- രൂപ

11 മുതൽ 15 വർഷം വരെ 20,000/- രൂപ

16 മുതൽ 20 വർഷം വരെ 30,000/- രൂപ

20 വർഷത്തിനു മുകളിൽ 50,000/- രൂപ

## II. കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന്റെ സാമ്പത്തിക സഹായത്താൽ വകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന പദ്ധതികൾ

1. **പ്രധാൻ മന്ത്രി ജൻ വികാസ് കാര്യക്രം (പി.എം.ജെ.വി.കെ)**

01.04.2018-ന് ശേഷം എം.എസ്.ഡി.പി പദ്ധതി വയനാട്, മലപ്പുറം ജില്ലകൾക്ക് പുറമെ നിലവിൽ പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം (PMJVK) എന്ന പേരിൽ സംസ്ഥാനത്ത് പത്തനംതിട്ട, തൃശൂർ ജില്ല ഒഴികെയുള്ള എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിച്ചിട്ടുണ്ട്. 25%- മോ, അതിൽ കൂടുതലോ ന്യൂനപക്ഷ വിഭാഗങ്ങൾ ഉള്ള പിന്നോക്കം നിൽക്കുന്നു എന്നു കണ്ടെത്തിയിട്ടുള്ള ബ്ലോക്കുകൾ, മുനിസിപ്പാലിറ്റികൾ, വില്ലേജുകൾ, ഡിസ്ട്രിക്ട് ഹെഡ്കോർട്ടേഴ്സുകൾ എന്നിവയെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് പ്രകാരം പദ്ധതിക്ക് ഇന്ത്യയിൽ നിന്നും 870 ബ്ലോക്കുകൾ, 321 മുനിസിപ്പാലിറ്റികൾ, 109 ഡിസ്ട്രിക്ട് ഹെഡ് ക്വാർട്ടറുകൾ ഉൾപ്പെടുത്തി. കേരളത്തിൽ പ്രസ്തുത പദ്ധതിയിൽ 12 ജില്ലകളിലായി 7 ജില്ലാ ആസ്ഥാനങ്ങൾ 23 ബ്ലോക്കുകൾ 43 ടൗണുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.

## III. കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം നേരിട്ട് ധനസഹായം അനുവദിക്കുന്ന പദ്ധതികൾ

**1. ന്യൂനപക്ഷ വനിതകൾക്ക് നേതൃ പരിശീലനം-നയ്റോശ്നി**

ന്യൂനപക്ഷ മതവിഭാഗങ്ങളിൽപ്പെടുന്ന വനിതകളുടെ നേതൃത്വ പരിശീലനത്തിനായി കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം വിവിധ സന്നദ്ധ സംഘടനകളുടെ സഹകരണത്താൽ 2012-13 വർഷം മുതൽ നടപ്പിലാക്കി വരുന്ന ഒരു പദ്ധതിയാണ് നയ്റോശ്നി. വനിതകളുടെ ആത്മ വിശ്വാസം വർദ്ധിപ്പിക്കുന്നതിലൂടെ സ്ത്രീ ശാക്തീകരണമാണ് പദ്ധതിയുടെ മുഖ്യ ലക്ഷ്യം. സ്ത്രീകളുടെ അവകാശങ്ങൾ, സ്ത്രീ വിദ്യാഭ്യാസവും തൊഴിലും, ആരോഗ്യം, ശുചിത്വം, പോഷകാഹാരം, രോഗപ്രതിരോധം, കുടുംബാസൂത്രണം പഞ്ചായത്ത് രാജ്/ നഗരപാലിക നിയമവും സ്ത്രീകളും, ജീവിത നിപുണത തുടങ്ങിയ വിഷയങ്ങളിലായിരിക്കും മുഖ്യ പരിശീലനം. 2.5 ലക്ഷം രൂപ വരുമാന പരിധിയിൽ ഉൾപ്പെടുന്ന കുടുംബങ്ങൾക്ക് പരിശീലന ക്ലാസിൽ മുൻഗണന നൽകും.

**2. ന്യൂനപക്ഷ വിഭാഗങ്ങൾക്ക് തൊഴിലധിഷ്ഠിത പരിശീലനം (സീക്കോ ഓർ കമാഓ)**

ന്യൂനപക്ഷ യുവജനങ്ങളുടെ പരമ്പരാഗത കഴിവുകളെ പരിപോഷിപ്പിച്ച് അവരെ തൊഴിലിന് പ്രാപ്തരാക്കുകയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കേന്ദ്രം നേരിട്ട് എംപാനൽ ചെയ്തിട്ടുള്ള വിവിധ പ്രൊജക്ട് ഇംപ്ലിമെന്റിംഗ് ഏജൻസികളിലൂടെയാണ് പദ്ധതി നിർവ്വഹണം നടക്കുന്നത്.

- പരിശീലനത്തോടൊപ്പം തൊഴിലും ഉറപ്പാക്കുന്നു.
- ആധുനിക തൊഴിൽ മേഖലയിലെ നൈപുണ്യ വികസനത്തിന് 3 മാസത്തെ പരിശീലനവും പരമ്പരാഗത മേഖലയിലെ നൈപുണ്യ വികസനത്തിന് 2 മാസത്തെ പരിശീലനവും നൽകി വരുന്നു.
- 33% സീറ്റ് സ്ത്രീകൾക്ക് സംവരണം ചെയ്തിരിക്കുന്നു.

3. **പഠോ പർദേശ്**

വിദേശത്ത് പഠിക്കുവാൻ വേണ്ടി ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ലോണുകൾക്ക് സബ്സിഡി നൽകുകയാണ് ഉദ്ദേശം. അംഗീകൃത എം.ഫിൽ പി.എച്ച്.ഡി കോഴ്സുകൾക്കാണ് വായ്പ ലഭിക്ക. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 6 ലക്ഷം രൂപയിൽ കവിയരുത്. പഠനം പൂർത്തീകരിക്കുന്ന വിദ്യാർത്ഥികൾക്ക് മാത്രമാണ് പലിശയിനത്തിൽ സംബ്സിഡി ലഭിക്കുക.

4. **നയി മൻസിൽ**

സ്കൂൾ വിദ്യാഭ്യാസം പാതി വഴിയിൽ നിന്നു പോയ ന്യൂനപക്ഷ വിദ്യാർത്ഥികളെ കണ്ടെത്തി വിദ്യാഭ്യാസം പൂർത്തീകരിക്കുന്നതിനും അവരെ അനുയോജ്യമായ തൊഴിൽ നേടുന്നതിന് പ്രാപ്തരാക്കുകയും ചെയ്യുന്ന പദ്ധതി. പ്രൊജക്ട് ഇംപ്ലിമെന്റിംഗ് ഏജൻസികൾ മുഖേനയാണ് പരിശീലനം നൽകുന്നത്.

5. **ഉസ്താദ്**

പരമ്പരാഗത കലാകാരന്മാരുടേയും കരകൗശല പണിക്കാരുടെയും വികസനത്തിനുള്ള പരിശീലനത്തിനും നൈപുണ്യ വികസനത്തിനുമുള്ള പദ്ധതി. 100% കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണിത്. തെരഞ്ഞെടുക്കപെടുന്ന പൊജക്ട് ഇംപ്ലിമെന്റിംഗ് ഏജൻസികളുടെ സഹായത്തോടെ പദ്ധതി നടപ്പിലാക്കുന്നു. 35% സീറ്റ് സ്ത്രീകൾക്ക് സംവരണം ചെയ്തിരിക്കുന്നു.

6. **ഹമാരി ധരോഹർ**

ഇന്ത്യൻ സംസ്കാരത്തിന്റെ പശ്ചാത്തലത്തിൽ ന്യൂനപക്ഷ ജനവിഭാഗങ്ങളുടെ സാംസ്കാരിക-പൈതൃകം കാത്തു സംരക്ഷിക്കുന്നതിന് സാംസ്കാരിക വകുപ്പുമായി ചേർന്ന് സംഘടിപ്പിക്കുന്ന പദ്ധതി. സമാന മേഖലയുമായി ബന്ധപ്പെട്ട ന്യൂനപക്ഷ സ്ഥാപനങ്ങൾ സൊസൈറ്റികൾ അംഗീകൃത ബാർ രജിസ്റ്റേഡ് സാംസ്കാരിക സ്ഥാപനങ്ങൾ, അംഗീകൃത യൂണിവേഴ്സിറ്റികൾ, റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുകൾ ഇവയാണ് പ്രൊജക്ട് ഇംപ്ലിമെന്റിംഗ് ഏജൻസികൾ. ന്യൂനപക്ഷ അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് സാംസ്കാരിക വിഷയങ്ങളിൽ 50% മാർക്കോടു കൂടി ബിരുദാനന്തര ബിരുദം നേടിയവർക്കാണ് ഫെല്ലോഷിപ്പ് നൽകുന്നത്. 35% സീറ്റ് സ്ത്രീകൾക്ക് സംവരണം ചെയ്തിരിക്കുന്നു.

7. **നയി ഉഡാൻ**

യു.പി.എസ്.സി, എസ്.എസ്.സി. എസ്.പി.എസ്.സി മുതലായവ സംഘടിപ്പിക്കുന്ന മത്സര പരീക്ഷകളുടെ പ്രിലിമിനറി പാസ്സാകുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാരിന്റെ ധനസഹായം. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 8 ലക്ഷം രൂപയിൽ കവിയരുത്. ഗസറ്റഡ് തസ്തികകൾക്ക് 50,000/- രൂപയും നോൺ ഗസറ്റഡ് തസ്തകയ്ക്ക് 25,000/- രൂപയും പരമാവധി ലഭിക്കുന്നതാണ്. ഒന്നിലധികം തവണ പരീക്ഷ പാസ്സായിട്ടുണ്ടെങ്കിൽ ഒരു പ്രാവിശ്യം മാത്രമേ പരിഗണിക്കുകയുള്ളൂ.

8. **മൗലാനാ ആസാദ് നാഷണൽ ഫെല്ലോഷിപ്പ്**

എം.ഫിൽ, പി.എച്ച്.ഡി-ക്ക് പഠിക്കുന്ന ഗവേഷണ വിദ്യാർത്ഥികൾക്ക് 5 വർഷം സമഗ്ര ഫെല്ലോഷിപ്പ് നൽകുന്ന പദ്ധതിയാണിത്. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 6 ലക്ഷം രൂപയിൽ കവിയരുത്. 30% ഫെല്ലോഷിപ്പ് സ്ത്രീകൾക്ക് നീക്കി വച്ചിട്ടുണ്ട്. യു.ജി.സി നടപ്പിലാക്കുന്ന സ്കീമിൽ ഫെല്ലോഷിപ്പിനായി തെരഞ്ഞെടുക്കപ്പെട്ടവർ കേന്ദ്ര - സംസ്ഥാന,

സർക്കാർ ഇതര സ്ഥാപനങ്ങൾ വഴിയുള്ള മറ്റ് ആനുകൂല്യങ്ങൾക്ക് അർഹരല്ല. ജൂനിയർ ഗവേഷകർക്ക് പ്രതിമാസം 31,000/- രൂപയും സീനിയർ ഗവേഷകർക്ക് പ്രതിമാസം 35,000/- രൂപയുമാണ് ഫെല്ലോഷിപ്പ് തുക. കൂടാതെ കോഴ്സുകളുമായി ബന്ധപ്പെട്ട മറ്റ് ചെലവുകൾക്കും അലവൻസ് ലഭിക്കും.

9. <u>ഫ്രീ കോച്ചിംങ് ആന്റ് അലൈഡ് സ്കീം</u>

ന്യൂനപക്ഷ മതവിഭാഗക്കാർക്ക് മത്സര പരീക്ഷകൾക്കും, തൊഴിലധിഷ്ഠിത കോഴ്സുകൾക്കും സൗജന്യ കോച്ചിംഗ്. പദ്ധതിയുടെ മാനദണ്ഡം അനുസരിച്ച് നിശ്ചിത യോഗ്യതയുള്ള സർക്കാർ സ്ഥാപനങ്ങൾ/ യൂണിവേഴ്സിറ്റികൾ / വിവിധ ഓട്ടണമസ്സ് ബോഡികൾ/ സ്വകാര്യ കോളേജ്/ ഡീമ്ഡ് യൂണിവേഴ്സിറ്റികൾക്ക് പരിശീലനം സംഘടിപ്പിക്കുന്നതന് ആവശ്യമായ അപേക്ഷ സമർപ്പിക്കാം.

## IV. <u>ന്യൂനപക്ഷക്ഷേമവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കിവരുന്ന സ്കോളർഷിപ്പുകൾ.</u>

1. <u>പ്രിമെട്രിക് സ്കോളർഷിപ്പ് (പൊതു വിദ്യാഭ്യാസ വകുപ്പ്)</u>

- കേരളത്തിലെ വിദ്യാലയങ്ങളിൽ ഒന്നു മുതൽ പത്തു വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ സമുദായങ്ങളിൽപ്പെട്ട സാമ്പത്തിക പിന്നാക്കാവസ്ഥ അനുഭവിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രീമെട്രിക് സ്കോളർഷിപ്പ് നൽകി വരുന്നു.
- www.education.kerala.gov.in അല്ലെങ്കിൽ www.scholarship.itschool.gov.in എന്ന വെബ് വിലാസത്തിലൂടെ ഓൺലൈനായിട്ടാണ് അപേക്ഷ സമർപ്പിക്കേണ്ടത്.
- സർക്കാർ/ എയ്ഡഡ്/ സർക്കാർ അംഗീകൃത അൺ എയ്ഡഡ്/അഫിലിയേഷനുള്ള സി.ബി.എസ്.സി/ഐ.സി.എസ്.സി സ്കൂളുകളിൽ പഠിക്കുന്ന നിർധനരായ വാർഷിക വരുമാനം ഒരു ലക്ഷം രൂപയ്ക്ക് താഴെ വരുന്ന മുൻ അധ്യയന വർഷങ്ങളിൽ 50%-ൽ കൂടുതൽ മാർക്ക് വാങ്ങിയ വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് നൽകി വരുന്നത്. വരുമാന പരിധി 1 ലക്ഷം രൂപ.
- ഒരു കുടുംബത്തിൽ നിന്ന് പരമാവധി രണ്ട് വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം ലഭിക്കും.
- 30% സ്കോളർഷിപ്പുകൾ പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു. ഇവരുടെ അഭാവത്തിൽ ആൺകുട്ടികളെയും പരിഗണിക്കും.
- 6 മുതൽ 10 വരെ ക്ലാസ്സുകൾക്ക് ഹോസ്റ്റൽ/ ഡേ സ്കോളർ വിഭാഗത്തിൽ അഡ്മിഷൻ ഫീഇനത്തിൽ വാർഷികാനുകൂല്യമായി 500/ രൂപ
- 6 മുതൽ 10 വരെ ക്ലാസ്സുകൾക്ക് ഹോസ്റ്റൽ/ ഡേ സ്കോളർ വിഭാഗത്തിൽ ട്യൂഷൻ ഫീ ഇനത്തിൽ പ്രതിമാസം 350/ രൂപ
- 1 മുതൽ 10 വരെ ക്ലാസ്സുകൾക്ക് ഡേ സ്കോളർ വിഭാഗത്തിൽ പ്രതിമാസം 100/ രൂപ
- 6 മുതൽ 10 വരെ ക്ലാസ്സുകൾക്ക് ഹോസ്റ്റൽ ഫീഇനത്തിൽ പ്രതിമാസം 600/ രൂപ മറ്റു ചെലവുകൾക്കും (ബസ് ഫെയർ/സ്റ്റഡി മെറ്റീരിയൽസ് തുടങ്ങിയവ) തുക ക്ലെയിം ചെയ്യാവുന്നതാണ്. വിവരം മിസലിയേനസ് / ആദർ ഫീസായി രേഖപ്പെടുത്തേണ്ടതാണ്. (മുകളിൽ പറഞ്ഞ എല്ലാ സ്കൂളുകൾക്കു ബാധകം)
- ഫോൺ : 0471-2328438, 2324601

2. <u>പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് (കോളേജ് വിദ്യാഭ്യാസ വകുപ്പ്)</u>

- പഠനത്തിൽ മികവ് പുലർത്തുന്ന ന്യൂനപക്ഷ സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കുള്ള പദ്ധതി.

- 11–ാം ക്ലാസ് മുതൽ പി.എച്ച്.ഡി വരെ പഠിക്കുന്ന ന്യൂനപക്ഷ സമുദായത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം.
- കഴിഞ്ഞ വർഷത്തെ വാർഷിക പരീക്ഷയിൽ ചുരുങ്ങിയത് 50% മാർക്ക് നേടിയവർക്ക് മാത്രം അപേക്ഷിക്കാം. വരുമാന പരിധി 2 ലക്ഷം രൂപ.
- 30% സ്കോളർഷിപ്പുകൾ പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു. ഇവരുടെ അഭാവത്തിൽ ആൺകുട്ടികളെയും പരിഗണിക്കും.
- ഒരു കുടുംബത്തിൽ നിന്ന് പരമാവധി രണ്ട് വിദ്യാർത്ഥികൾക്ക് ആനുകൂല്യം ലഭിക്കും.
- 11 മുതൽ 12 വരെ ക്ലാസ്സുകളിൽ ഹോസ്റ്റൽ/ ഡേ സ്കോളർ വിഭാഗത്തിൽ അഡ്മിഷൻ/ ട്യൂഷൻ ഫീഇനത്തിൽ വാർഷികാനുകൂല്യമായി 7000/ രൂപ.
- കൂടാതെ, 11 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് മറ്റു ചെലവുകൾക്കും (സ്റ്റഡി മെറ്റീരിയൽസ് തുടങ്ങിയവ) ഡേ സ്കോളർ വിഭാഗത്തിന് പ്രതിമാസം 230/– രൂപയും ഹോസ്റ്റൽ വിഭാഗത്തിന് പ്രതിമാസം 380/– രൂപയും നൽകുന്നു.
- പ്ലസ് ടു/വൊക്കേഷണൽ/ടെക്നിക്കൽ ക്ലാസ്സുകളിൽ പഠിക്കുന്ന ഹോസ്റ്റൽ/ ഡേ സ്കോളർ വിദ്യാർത്ഥികൾക്ക് കോഴ്സ്/ ട്യൂഷൻ ഫീഇനത്തിൽ വാർഷികാനുകൂല്യമായി 10000/– രൂപ.
- ബിരുദം/ ബിരുദാനന്തര ബിരുദ കോഴ്സുകൾക്ക് പഠിക്കുന്ന ഹോസ്റ്റൽ/ ഡേ സ്കോളർ വിദ്യാർത്ഥികൾക്ക് അഡ്മിഷൻ/ ട്യൂഷൻ ഫീ ഇനത്തിൽ വാർഷികാനുകൂല്യമായി പരമാവധി 3000/രൂപ.
- കൂടാതെ, ബിരുദം/ ബിരുദാനന്തര ബിരുദ കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് മറ്റു ചെലവുകൾക്കും (സ്റ്റഡി മെറ്റീരിയൽസ് തുടങ്ങിയവ) ഡേ സ്കോളർ വിഭാഗത്തിന് പ്രതിമാസം 300/– രൂപയും ഹോസ്റ്റൽ വിഭാഗത്തിന് പ്രതിമാസം 570/– രൂപയും നൽകുന്നു.
- എം.ഫിൽ, പി.എച്ച്.ഡി റിസർച്ച് ചെയ്യുന്നവർക്ക് (യൂണിവേഴ്സിറ്റി/മറ്റ് അതോറിറ്റികളിൽ നിന്നും ഫെല്ലോഷിപ്പ് ലഭിക്കാത്തവർക്ക് മാത്രം) ഹോസ്റ്റൽ വിഭാഗത്തിന് പ്രതിമാസം 1200/– രൂപയും, ഡേ സ്കോളർ വിഭാഗത്തിന് പ്രതിമാസം 550/– രൂപയും നൽകുന്നു.
- www.scholarship.itschool.gov.in എന്ന നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വെബ് വിലാസത്തിലൂടെ ഓൺലൈനായിട്ടാണ് അപേക്ഷിക്കേണ്ടത്.
- ഫോൺ : 0471–2306580, 8590558538, 9446096580

3. <u>മെറിറ്റ്–കം–മീൻസ് സ്കോളർഷിപ്പ് (സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്)</u>

- ന്യൂനപക്ഷ സമുദായത്തിൽ നിന്നുള്ള ബിരുദ, ബിരുദാനന്തര ബിരുദ, സാങ്കേതിക–പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് അപേക്ഷിക്കാവുന്നതാണ്.
- ചുരുങ്ങിയത് 50% മാർക്ക് യോഗ്യതാ പരീക്ഷയ്ക്ക് ലഭിച്ചിരിക്കണം.
- വരുമാന പരിധി 2.5 ലക്ഷം രൂപ
- കോഴ്സ് ഫീ ഇനത്തിൽ ഹോസ്റ്റലർ / ഡേ സ്കോളർ വിഭാഗത്തിൽ പരമാവധി 20,000/ രൂപ
- ഹോസ്റ്റൽ വിഭാഗത്തിൽ മെയിന്റനൻസ് അലവൻസ് ആയി 10,000/ രൂപ
- ഡേ സ്കോളർ വിഭാഗത്തിൽ മെയിന്റനൻസ് അലവൻസ് ആയി 5,000/ രൂപ
- www.momascholarship.nic.in എന്ന വെബ് വിലാസത്തിലൂടെ ഓൺലൈനായിട്ടാണ് അപേക്ഷ സമർപ്പിക്കേണ്ടത്.
- ഫോൺ : 0471–2561214, 2561411

## ന്യൂനപക്ഷ യുവജനതയ്ക്കായുള്ള സൗജന്യ പരിശീലന കേന്ദ്രങ്ങൾ

| I NO | NAME OF CCMY | ADDRESS | PHONE NUMBER |
|---|---|---|---|

| | | | |
|---|---|---|---|
| 1 | സി.സി.എം.വൈ, തിരുവനന്തപുരം | കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്, സമസ്താലയം,എസ്.എസ്.കോവിൽ റോഡ്, മേലേ തമ്പാനൂർ, തിരുവനന്തപുരം-695 001 | 0471–2337376 |
| 2 | സി.സി.എം.വൈ, കരുനാഗപ്പള്ളി | കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്, ഇടക്കുളങ്കര, കരുനാഗപ്പള്ളി, കൊല്ലം-690 523 | 09447428351 |
| 3 | സി.സി.എം.വൈ, കണ്ണനല്ലൂർ | കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്, ആറാട്ടുവിള കോംപ്ലക്സ് കണ്ണനല്ലൂർ, കൊല്ലം-691 576 | 9447586880 |
| 4. | സി.സി.എം.വൈ, പത്തനംതിട്ട | കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്, തൈക്കാവ് മോഡൽ ഹയർ സെക്കറി സ്ക്കൂൾ, പേട്ട, പത്തനംതിട്ട-689 645 | 0468–2329521 |
| 5 | സി.സി.എം.വൈ, ആലപ്പുഴ | കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്, എം.ഇ.എസ് ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ കോമ്പൗ, പുന്നപ്ര പി.ഒ, ആലപ്പുഴ-688 004 | 0477–2252869 |
| 6 | സി.സി.എം.വൈ, കായംകുളം | കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്, മുനിസിപ്പൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, ചേരവ ള്ളി, കായംകുളം, ആലപ്പുഴ-690 502 | 9447503207 |
| 7 | സി.സി.എം.വൈ, കാഞ്ഞിരപ്പള്ളി | കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്, നൈനാർപള്ളി ഷോപ്പിംഗ് കോംപ്ലക്സ്, ഒന്നാം നില, കാഞ്ഞിരപ്പള്ളി, കോട്ടയം- 686 507 | 0482–8202069 |
| 8 | സി.സി.എം.വൈ, തൊടുപുഴ | കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്, ദാറ-എ-മില്ലത്ത് കോളേജ് ബിൽഡിംഗ്, കാരിക്കോട്, തൊടുപുഴ ഈസ്റ്റ്, ഇടുക്കി- 685 585 | 0486–2225227 |
| 9 | സി.സി.എം.വൈ, ആലുവ | കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്, കരീം എസ്റ്റേറ്റ്, ബാങ്ക് ജംഗ്ഷൻ, ടെംബിൾ റോഡ്, ആലുവ, എറണാകുളം- 683 101 | 0484–2621897 |
| 10 | സി.സി.എം.വൈ, മട്ടാഞ്ചേരി | കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്, യത്തീംഖാന ബസാർ റോഡ്, മട്ടാഞ്ചേരി, എറണാകുളം-682 002 | 07356637887 |
| 11 | സി.സി.എം.വൈ, കൊടുങ്ങല്ലൂർ | കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്, ചേരമാൻ ജുമാമസ്ജിദ്, ബിൽഡിംഗ്, കൊടുങ്ങല്ലൂർ.പി.ഒ., തൃശ്ശൂർ- 680664. | 0480–2804859 |
| 12 | സി.സി.എം.വൈ, പാലക്കാട് | കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്, വിശാൽ കോംപ്ലക്സ്, മേഴ്സി ജംഗ്ഷൻ, പള്ളിപ്പുറം പോസ്റ്റ്, പാലക്കാട്- 678 006 | 0491–2506321 |
| 13 | സി.സി.എം.വൈ, പട്ടാമ്പി | കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത് പട്ടാമ്പി, മാവേലി സ്റ്റോറിന് അടുത്ത്, മലബാർ കോളനി, മേലേപട്ടാമ്പി(പി.ഒ), പാലക്കാട്- | 0466–2212003<br>9496000021 |
| 14 | സി.സി.എം.വൈ, വേങ്ങര | കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്, എ.ആർ.നഗർ, വേങ്ങര, കൊളപുറം.പി.ഒ., പൊന്നാനി, മലപ്പുറം- 676 305 | 9447243321 |

| | | | |
|---|---|---|---|
| 15 | സി.സി.എം.വൈ, പൊന്നാനി | കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്, മാസ് കൊമേഴ്സ്യൽ സെന്റർ, തൃക്കാവ്.പി.ഒ, പൊന്നാനി, മലപ്പുറം– 679 577 | 9895733289 |
| 16 | സി.സി.എം.വൈ, പെരിന്തൽമണ്ണ | കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്, തറയിൽ ബസ്സ്റ്റാൻഡ്, പെരിന്തൽമണ്ണ പി.ഒ, മലപ്പുറം–679 322 | 0493–3220164 |
| 17 | സി.സി.എം.വൈ,, ആലത്തിയൂർ | കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്, കെ.ബി.ആർ.കോപ്ലക്സ്, ആലത്തിയൂർ.,പി.ഒ., മലപ്പുറം– 676 102 | 0494–2565056 |
| 18 | സി.സി.എം.വൈ, വളാഞ്ചേരി | കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്, എ.ഇ.എസ്.കെ.വിഎം കോളേജ് ക്യാമ്പസ്, വളാഞ്ചേരി– 675 973 | 0494–2954380 |
| 19 | സി.സി.എം.വൈ, കോഴിക്കോട് | കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്, പുതിയറ, കോഴിക്കോട്– 673 004 | 0495–2724610 |
| 20 | സി.സി.എം.വൈ. പേരാമ്പ്ര | കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്, പേരാമ്പ്ര, ചെമ്പ്ര റോഡ്, പേരാമ്പ്ര, കോഴിക്കോട്–673 525 | 09446567273 |
| 21 | സി.സി.എം.വൈ, വയനാട് | കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്, പഴയ ബസ്സ് സ്റ്റാന്റ് കെട്ടിടം, കൽപ്പറ്റ, വയനാട്–673 121 | 0493–6202228 |
| 22 | സി.സി.എം.വൈ, പയ്യന്നൂർ | കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്, കുഞ്ഞിരാമൻ അടിയോടി സ്മാരക ഗവ.വി.എച്ച്.എസ് കാമ്പസ്, പയ്യന്നൂർ,കണ്ണൂർ–670 307 | 0498–5209677 |
| 23 | സി.സി.എം.വൈ, ചൊക്ലി | കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്, കുത്തുബി കോംപ്ലക്സ് കവിയൂർ റോഡ്, ചൊക്ലി തലശ്ശേരി, കണ്ണൂർ– 670 672 | 9895865032 |
| 24 | സി.സി.എം.വൈ, കാസർഗോഡ് | കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്, ബസ് സ്റ്റാന്റ് ടെർമിനൽ, ചെർക്കള, ചെങ്കള പോസ്റ്റ്, കാസറഗോഡ്– 671 541 | 0499–4281142 |

**ഉപകേന്ദ്രങ്ങൾ**

| | | |
|---|---|---|
| തിരുവനന്തപുരം | 1. | ചൂട്ടയിൽ മുസ്ലീം ജമാഅത്ത്, കിളിമാനൂർ, തിരുവനന്തപുരം |
| | 2. | കടുവയിൽ തങ്ങൾ ചാരിറ്റബിൾ ട്രസ്റ്റ്, കടുവാപ്പള്ളി, തോട്ടക്കാട് പി.ഒ, തിരുവനന്തപുരം. |
| | 3. | പി.എം.ജെ. എഡ്യൂക്കേഷണൽ ട്രസ്റ്റ്, പനവൂർ, പി.ഒ., നെടുമങ്ങാട്, തിരുവനന്തപുരം– 695 568 |
| കൊല്ലം | 4. | കെ.എം.ജെ എഡ്യൂക്കേഷണൽ ചാരിറ്റബിൾ ട്രസ്റ്റ്, കുളത്തുപ്പുഴ– |
| | 5. | വേയ്ക്കൽ മുസ്ലീം ജമാഅത്ത് തൈക്കോട്, നിലമേൽ–691 535 |
| | 6. | കൊല്ലൂർവിള മുസ്ലീം ജമാഅത്ത് കമ്മിറ്റി, കൊല്ലം |

| | | |
|---|---|---|
| ആലപ്പുഴ | 7. | അഫാസ് ട്രസ്റ്റ്, വാർഡ് – കത, 16 അ, ചന്ദിരൂർ പി.ഒ., ആലപ്പുഴ |
| കോട്ടയം | 8. | മുസ്ലീം സർവ്വീസ് സൊസൈററി, എം എസ് എസ് കൾച്ചറൽ സെന്റർ, പത്തനാട്, കങ്ങഴ പി ഒ, കോട്ടയം |
| | 9. | ഇത്തിഹാദു സുബ്ഹാനുൽ, മുജാഹിദീൻ, ഈരാറ്റുപേട്ട, മാർക്കറ്റ് റോഡ്, മസ്ജിദ് സലാമിനു സമീപം, ഇരാട്ടുപേട്ട – 686 121 |
| ഇടുക്കി | 10. | മുസ്ലീം യൂത്ത് മൂവ്മെന്റ് ചാരിറ്റബിൾ ട്രസ്റ്റ്, അടിമാലി, ഇടുക്കി. |
| | 11. | സെന്റ് ജോസഫ് ഹയർ സെക്കൻറി സ്കൂൾ, പെരുവന്താനം |
| എറണാകുളം | 12. | ഇസ്ലാമിക് വെൽഫെയർ ഫോറം, എടവനക്കാട് പി.ഒ, എറണാകുളം |
| | 13. | നാഷണൽ സ്ക്കൂൾ, ഇഖ്ബാൽ സ്കയർ, മേപ്രത്ത്പടി, വെങ്ങോല, പെരുമ്പാവൂർ, എറണാകുളം – 683 556 |
| | 14. | കാഞ്ഞിരമറ്റം മുസ്ലീം ജമാഅത്ത് കമ്മിറ്റി, കാഞ്ഞിരമറ്റം പി.ഒ, എറണാകുളം |
| തൃശൂർ | 15. | തണൽ ചാരിറ്റബിൾ ട്രസ്റ്റ്, കേച്ചേരി, തൃശൂർ |
| | 16. | എക്സൽ അക്കാദമി, ബിഷപ്പ് ഹൗസ്, ഈസ്റ്റ് ഫോർട്ട്, തൃശ്ശൂർ – 680 005 |
| പാലക്കാട് | 17. | മണ്ണാർക്കാട് മുസ്ലീം ഓർഫനേജ് കമ്മിറ്റി, നാഗത്ത് നഗർ,നെല്ലിപ്പുഴ, മണ്ണാർക്കാട്, പാലക്കാട് – 678 582 |
| | 18. | അൽഹുദാ ഇംഗ്ലീഷ് മീഡിയം ഹൈസ്ക്കൂൾ,ഓങ്ങല്ലൂർ, കല്ലടിപറ്റ.,പി.ഒ, പട്ടാമ്പി, പാലക്കാട് |
| മലപ്പുറം | 19. | സഫാ അക്കാദമി ഓഫ് സിവിൽ സർവ്വീസ് , പൂക്കാട്ടിരി, എടയൂർ, വളാഞ്ചേരി, മലപ്പുറം–676 554 |
| | 20. | മഅദിൻ അക്കാദമി, സ്വലാത്ത് നഗർ, മേൽമുറി പിഒ, മലപ്പുറം–676 517 |
| | 21. | ജാമിയ നദവിയ എടവണ്ണ, സാലാ നഗർ, എടവണ്ണ, മലപ്പുറം. |
| | 22. | ദാറുന്നജാത്ത് മുസ്ലീം ഓർഫനേജ്, കരുവാരക്കുണ്ട് പുന്നക്കാട്.പിഒ., മലപ്പുറം – 676 523 |
| | 23. | പാണക്കാട് സയ്യിദ് മുഹമ്മദ് അലി ഷിഹാബ് തങ്ങൾ സ്മാരക നഗരസഭ ലൈബ്രറി, മലപ്പുറം |
| | 24. | മലബാർ കോപ്പറേറ്റീവ് എഡ്യൂക്കേഷൻ അക്കാദമി, പരപ്പനങ്ങാടി, മലപ്പുറം–676303 |
| | 25. | നാട്ടുനന്മ, എടപ്പാൾ, മലപ്പുറം–679 576 |
| | 26. | എം.എസ്.ഐ.ഇംഗ്ലീഷ് സ്ക്കൂൾ, വിദ്യാനഗർ, നിലമ്പൂർ.പി.ഒ. മലപ്പുറം – 679 329 |
| | 27. | നാഷണൽ കോപ്പറേറ്റീവ് അക്കാദമി ഫോർ ഹയർ എഡ്യൂക്കേഷൻ ആന്റ് മാനേജ്മെന്റ് സ്റ്റഡീസ്, വളാഞ്ചേരി.പി.ഒ., മലപ്പുറം–676 552 |
| കോഴിക്കോട് | 28. | മുബാറക്ക് അറബിക് കോളേജ്, പൂണൂർ, ഉണ്ണിക്കുളം പി ഒ, കോഴിക്കോട് – 673 574 |
| | 29. | ട്രാക്ക് ഓർഫനേജ്, നെല്ലിക്കാ പറമ്പ്. പി.ഒ., മുക്കം, കോഴിക്കോട് – 673 602 |
| | 30. | വിസ്ഡം യൂത്ത് ഹബ്, നൂറുൽ ഹുദാ മദ്രസ്സാ ബിൽഡിംഗ്, പെരുമണ്ണ, കോഴിക്കോട്– 673 019 |
| കണ്ണൂർ | 31. | എളയാവൂർ മനാറുൽ ഹുദാ മുസ്ലീം ജമാഅത്ത് കമ്മിറ്റി, വാരം പി.ഒ,കണ്ണൂർ – 670 594 |

| | |
|---|---|
| | 32. സർ സയ്യദ് ഹയർ സെക്കന്ററി സ്കൂൾ കരിമ്പം പി ഒ, തളിപ്പറമ്പ്, കണ്ണൂർ–670 142 |

# V. ന്യൂനപക്ഷക്ഷേമ വകുപ്പുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ

**1. കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികളും ആനുകൂല്യങ്ങളും.**

കമ്പനീസ് ആക്ട് പ്രകാരം രൂപീകരിച്ച ഒരു സംസ്ഥാന സർക്കാർ സ്ഥാപനമാണ് കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ. കേരളത്തിലെ മതന്യൂനപക്ഷങ്ങളുടെ ക്ഷേമവും സാമ്പത്തിക ഉന്നമനവുമാണ് കോർപ്പറേഷന്റെ ലക്ഷ്യങ്ങൾ. കേന്ദ്ര സർക്കാറിന്റെ കീഴിലുള്ള ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ (NMDFC) സംസ്ഥാന ചാനലൈസിങ്ങ് ഏജൻസിയായും കോർപ്പറേഷൻ പ്രവർത്തിച്ചുവരുന്നു. കേന്ദ്ര സർക്കാറും ദേശീയ ന്യൂനപക്ഷ കമ്മീഷനും ന്യൂനപക്ഷ മത വിഭാഗങ്ങളായി അംഗീകരിച്ച മുസ്ലിം, ക്രിസ്ത്യൻ, സിക്ക്, ബുദ്ധ, ജൈന, പാഴ്സി എന്നീ മതവിഭാഗത്തിൽപ്പെട്ടവർക്ക് വിവിധ ആവശ്യങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ നൽകുകയാണ് കെ.എസ്.എം.ഡി.എഫ്.സിയുടെ പ്രധാന പ്രവർത്തനം. കോർപ്പറേഷൻ വഴി നൽകി വരുന്ന വായ്പകളുടെ വിവരണങ്ങൾ ചുവടെ കൊടുക്കുന്നു.

**ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ (NMDFC) ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന വായ്പ പദ്ധതികൾ**

| പദ്ധതികൾ | പലിക നിരക്ക് | പരമാവധി തുക | കാലാവധി | വ്യവസ്ഥകൾ |
|---|---|---|---|---|
| സ്വയംതൊഴിൽ പദ്ധതി (Credit Line-I) | 6% | 20 ലക്ഷം | 5 വർഷം | കുടുംബ വാർഷിക വരുമാനം ഗ്രാമങ്ങളിൽ 98,000/– ത്തിനും നഗരങ്ങളിൽ 1,20,000/– ത്തിനും താഴെ. പ്രായ പരിധി 56 വയസ്സ്. |
| സ്വയംതൊഴിൽ പദ്ധതി (Credit Line-II) | സ്ത്രീ 6% പുരു 8% | 30 ലക്ഷം | 5 വർഷം | കുടുംബ വാർഷിക വരുമാനം 6 ലക്ഷത്തിൽ താഴെ. പ്രായ പരിധി 56 വയസ്സ്. |
| വിദ്യാഭ്യാസ വായ്പ (Credit Line-I) | 3% | 20 ലക്ഷം (ഇന്ത്യയിൽ) 30 ലക്ഷം (വിദേശം) | 5 വർഷം | കുടുംബ വാർഷിക വരുമാനം ഗ്രാമങ്ങളിൽ 98,000/– ത്തിനും നഗരങ്ങളിൽ 1,20,000/– ത്തിനും താഴെ. പ്രായ പരിധി 16 - 32 വയസ്സ് |
| വിദ്യാഭ്യാസ വായ്പ (Credit Line-2) | സ്ത്രീ 5% പുരു 8% | 20 ലക്ഷം (ഇന്ത്യയിൽ) 30 ലക്ഷം (വിദേശം) | 5 വർഷം | കുടുംബ വാർഷിക വരുമാനം 6 ലക്ഷത്തിൽ താഴെ. പ്രായ പരിധി 16 - 32 വയസ്സ് |

**<u>കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ</u>**

**<u>വായ്പ പദ്ധതികൾ</u>**

| പദ്ധതികൾ | പലിശ നിരക്ക് | പരമാവധി തുക | കാലാവധി | വ്യവസ്ഥകൾ |
|---|---|---|---|---|
| സ്വയംതൊഴിൽ വായ്പ (പൊതു വിഭാഗം) | 8% | 20 ലക്ഷം | 7 വർഷം | കുടുംബ വാർഷിക വരുമാനം 15 ലക്ഷത്തിൽ താഴെ. പ്രായ പരിധി 58 വയസ്സ്. |
| ബിസിനസ്സ് വിപുലീകരണ വായ്പ | 8% | 5 ലക്ഷം | 5 വർഷം | കുടുംബ വാർഷിക വരുമാനം 15 ലക്ഷത്തിൽ താഴെ. പ്രായ പരിധി 56 വയസ്സ്. |
| പ്രവാസി സ്വയംതൊഴിൽ വായ്പ | 5% | 10 ലക്ഷം | 7 വർഷം | കുടുംബ വാർഷിക വരുമാനം 6 ലക്ഷത്തിൽ താഴെ.പ്രായ പരിധി 58 വയസ്സ് |
| വിദ്യാഭ്യാസ വായ്പ (പാരന്റ് പ്ലസ്) | 7% | 15 ലക്ഷം | 5 വർഷം | വരുമാന പരിധി ബാധകമല്ല. പ്രായ പരിധി 65 വയസ്സ് |
| വിസ വായ്പ | 5% | 3 ലക്ഷം | 7 വർഷം | കുടുംബ വാർഷിക വരുമാനം 6 ലക്ഷത്തിൽ താഴെ. പ്രായ പരിധി 58 വയസ്സ് |
| ഭവന വായ്പ | 6% | 6 ലക്ഷം | 7 വർഷം | കുടുംബ വാർഷിക വരുമാനം 6 ലക്ഷത്തിൽ താഴെ. പ്രായ പരിധി 58 വയസ്സ് |
| അംഗീകൃത സർക്കാർ/പൊതുമേഖലാ/ സഹകരണ ബാങ്ക് ഉദ്യോഗ സ്ഥർക്കുള്ള വിവിധോദ്ദേശ വായ്പ | 9% | 5 ലക്ഷം | 5 വർഷം | കുടുംബ വാർഷിക വരുമാനം 6 ലക്ഷത്തിൽ താഴെ. പ്രായ പരിധി 55 വയസ്സ്. |
| മദ്രസ്സ അദ്ധ്യാപകർക്കുള്ള ഭവന വായ്പ | ഇല്ല | 2.5 ലക്ഷം | 7 വർഷം | കുടുംബ വാർഷിക വരുമാനം ഗ്രാമങ്ങളിൽ 98,000/- ത്തിനും നഗരങ്ങളിൽ 120,000/- ത്തിനും താഴെ. പ്രായ പരിധി 30 നും 50 വയസ്സിനും ഇടയിൽ. |
| ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള വായ്പ | 9% | 10 ലക്ഷം | 7 വർഷം | കുറഞ്ഞത് 3 വർഷമെങ്കിലും മൈനോരിറ്റി തലത്തിൽ പ്രവർത്തിച്ചു വരുന്ന സ്ഥാപനം. പ്രായ പരിധി 56 വയസ്സ് |

| | | | | |
|---|---|---|---|---|
| **സുമിത്രം വായ്പ പദ്ധതി**<br>വിവാഹ വായ്പ | 6% | 5 ലക്ഷം | 5 വർഷം | കുടുംബ വാർഷിക വരുമാനം 6 ലക്ഷത്തിൽ താഴെ.പ്രായ പരിധി 65 വയസ്സ് |
| ചികിത്സാ വായ്പ | 5% | 5 ലക്ഷം | 5 വർഷം | കുടുംബ വാർഷിക വരുമാനം 6 ലക്ഷത്തിൽ താഴെ. പ്രായ പരിധി 55 വയസ്സ് |
| കോവിഡ് വായ്പ | 5% | 5 ലക്ഷം | 5 വർഷം | കുടുംബ വാർഷിക വരുമാനം 6 ലക്ഷത്തിൽ താഴെ. പ്രായ പരിധി 55 വയസ്സ് |
| **മൈക്രോ ഫിനാൻസ്** | NGO | | SHG (സ്വയം സഹായ സംഘം) | കുറഞ്ഞത് 3 വർഷമെങ്കിലും മൈനോരിറ്റി തലത്തിൽ പ്രവർത്തിച്ചു വരുന്ന സ്ഥാപനം.സന്നദ്ധ സംഘടനകൾക്ക് ചുരുങ്ങിയത് ആറു മാസമെങ്കിലും പ്രായമുള്ള സ്വയം സഹായഗ്രൂപ്പുകൾ ഉണ്ടായിരിക്കണം. |
| (Credit Line-I) | 2% | | 7% | |
| (Credit Line-II) | സ്ത്രീ 3%<br>പുരു 5% | | സ്ത്രീ 8%<br>പുരു 10% | |

**കോർപ്പറേഷൻ നൽകുന്ന സേവനങ്ങൾക്കുള്ള സമയപരിധി, നിയുക്ത ഉദ്യോഗസ്ഥൻ**

| സേവനം | നിശ്ചിത സമയപരിധി (ദിവസം) | നിയുക്ത ഉദ്യോഗസ്ഥൻ |
|---|---|---|
| സ്വയംതൊഴിൽ വായ്പകൾ | 90 | റീജിയനൽ ഇൻ ചാർജ് |
| വിദ്യാഭ്യാസ വായ്പകൾ | ഇന്ത്യക്കകത്ത് 30<br>വിദേശം 45 | റീജിയനൽ ഇൻ ചാർജ് |
| ഭവനനിർമാണ വായ്പകൾ | 45 | റീജിയനൽ ഇൻ ചാർജ് |
| പ്രവാസി/വിസ വായ്പ | 45 | റീജിയനൽ ഇൻ ചാർജ് |
| ഉദ്യോഗസ്ഥ വായ്പ | 30 | റീജിയനൽ ഇൻ ചാർജ് |
| സുമിത്രം പദ്ധതി (വിവാഹ, ചികിത്സാ കോവിഡ് വായ്പ) | 30 | റീജിയനൽ ഇൻ ചാർജ് |
| ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള വായ്പ | 60 | റീജിയനൽ ഇൻ ചാർജ് |
| മൈക്രോ ഫിനാൻസ് | 60 | റീജിയനൽ ഇൻ ചാർജ് |

**അപേക്ഷിക്കേണ്ട വിധം**

വായ്പ സംബന്ധിച്ച അപേക്ഷകൾ കോർപ്പറേഷൻ സൈറ്റിൽ നിന്ന്

ഡൗൺലോഡ് ചെയ്ത് പ്രിന്റ് എടുത്ത് നേരിട്ടോ തപാലിലോ അയക്കാവുന്നതാണ്. വെബ്സൈറ്റ് വിലാസം www.ksmdfc.org. അപേക്ഷയോടൊപ്പം വയസ്സ്, ജാതി, വരുമാനം ഇവ തെളിയിക്കുന്ന രേഖകൾ സമർപ്പിക്കേണ്ടതാണ്. ആവശ്യമായ കൂടുതൽ രേഖകൾ, സർട്ടിഫിക്കറ്റുകൾ ഇവ അപേക്ഷ കനുമായുള്ള കൂടിക്കാഴ്ച സമയത്ത് ഹാജരാക്കിയാൽ മതിയാകും. കൂടിക്കാഴ്ച സമയത്ത് റേഷൻകാർഡ്, തിരിച്ചറിയൽകാർഡ്, വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് (ഒറിജിനൽ) ഇവ ഹാജരാക്കേണ്ടതാണ്. കൂടിക്കാഴ്ച സംബന്ധിച്ച തിയ്യതി, സമയം ഇവ അപേക്ഷക രെ തപാൽ വഴിയോ ടെലിഫോൺ വഴിയോ അറിയിക്കുന്നതാണ്.

## കൂടിക്കാഴ്ചയ്ക്കു വരുമ്പോൾ ഹാജരാക്കേണ്ട അധിക രേഖകൾ

### എ) സ്വയം തൊഴിൽ വായ്പ /ബിസ്സിനസ്സ് ഡെവലപ്പ്മെന്റ് വായ്പ

1. വിശദമായ പ്രോജക്ട് റിപ്പോർട്ട്
2. തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നുള്ള ലൈസൻസ്/ ലൈസൻസിനായി അപേക്ഷ സമർപ്പിച്ച രേഖ
3. പദ്ധതി തുടങ്ങുന്ന കെട്ടിട ഉടമയുടെ സമ്മത പത്രം/ വാടക കരാർ, വാടക കെട്ടിടമല്ലെങ്കിൽ ഉടമയുടെ സമ്മതപത്രം.
4. പദ്ധതിക്കായി വാങ്ങുന്ന ഉപകരണങ്ങൾ, യന്ത്ര സാമഗ്രികൾ എന്നിവയുടെ ഇൻവോയ്സ്/ക്വട്ടേഷൻ.
5. സ്ഥാപനത്തിന്റെ ഫോട്ടോഗ്രാഫ് (അപേക്ഷകൻ ഉൾപ്പെടെ)
6. വാടക എഗ്രിമെന്റ് (ബാധകമെങ്കിൽ)

### ബി) വിദ്യാഭ്യാസ വായ്പ (പ്രൊഫഷണൽ /ടെക്നിക്കൽ കോഴ്സുകൾ)

1. മെറിറ്റിൽ അഡ്മിഷൻ നേടിയത് സംബന്ധിച്ച രേഖ
2. കോളേജ് അധികൃതരുടെ പഠന ചെലവ് സംബന്ധിച്ച രേഖ
3. കോളേജ്/കോഴ്സ് അംഗീകാരം തെളിയിക്കുന്ന രേഖകൾ

### സി) വിദേശ വിദ്യാഭ്യാസ വായ്പ (പ്രൊഫഷണൽ/ ടെക്നിക്കൽ കോഴ്സുകൾ)

1. മെറിറ്റിൽ അഡ്മിഷൻ നേടിയത് സംബന്ധിച്ച രേഖ
2. കോളേജ് അധികൃതരുടെ പഠന ചെലവ് സംബന്ധിച്ച രേഖ.
3. പാസ്പോർട്ടിന്റെയും, സ്റ്റുഡന്റ് വിസയുടെയും പകർപ്പ്. (വിസ മറ്റു ഭാഷയിലാണെങ്കിൽ ഇംഗ്ലീഷ് തർജ്ജമ പകർപ്പ്)
4. Association of Indian Universities, New Delhi യിൽ നിന്നുള്ള Accreditation Certificate.

### ഡി) ഭവന നിർമാണ വായ്പ

1. നിർദ്ദിഷ്ട ഭവനത്തിന്റെ അംഗീകരിച്ച പ്ലാൻ
2. എസ്റ്റിമേറ്റ് (ഭവനത്തിന്റെ വിസ്തീർണം 1600 Sq.ft. ൽ കൂടാൻ പാടുള്ളതല്ല. നിർമാണ ചിലവ് എസ്റ്റിമേറ്റ് പ്രകാരം 20 ലക്ഷത്തിൽ താഴെയായിരിക്കണം.)

മദ്രസ്സ അദ്ധ്യാപകർക്കുള്ള ഭവന വായ്പ_കേരള മദ്രസ്സ അദ്ധ്യാപക ക്ഷേമനിധി ബോർഡ് മുഖേനയാണ് സമർപ്പിക്കേണ്ടത്.

## കൂടിക്കാഴ്ചയിൽ വായ്പ തുക തീരുമാനിച്ചു കഴിഞ്ഞാൽ തുടർന്ന് ഹാജരാക്കേണ്ട രേഖകൾ.

1. **വസ്തു ജാമ്യം**

5 ലക്ഷത്തിന് മുകളിലുള്ള എല്ലാ വായ്പകൾക്കും വസ്തുജാമ്യം നിർബന്ധമാണ്. വസ്തു ജാമ്യം കുറഞ്ഞത് 4 സെന്റിൽ കുറയാത്ത വസ്തുവിന്റെ ന്യായവിലയുടെ 100% വും

മതിപ്പു വില / മാർക്കറ്റ് വിലയുടെ 80% വരെ വായ്പയും അനുവദിക്കുന്നതാണ്. ആയതിന് സർക്കാർ വെബ് സൈറ്റിൽ ലഭ്യമാകുന്ന ന്യായവില സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സ്വയം സാക്ഷ്യപ്പെടുത്തിയോ വില്ലേജ് ഓഫീസർ/ തഹസിൽദാർ നൽകുന്ന വാല്യൂവേഷൻ സർട്ടിഫിക്കറ്റോ ഹാജരാക്കേണ്ടതാണ്.

2. **ഉദ്യോഗസ്ഥ ജാമ്യം**

ജാമ്യക്കാരന് തിരിച്ചടവ് കാലാവധിക്ക് ശേഷം ഒരു വർഷത്തിൽ കൂടുതൽ സേവനം ബാക്കി ഉണ്ടായിരിക്കണം. നെറ്റ് ശമ്പളം മൊത്ത ശമ്പളത്തിന്റെ 40 ശതമാനത്തിൽ കുറയാൻ പാടില്ല. വായ്പയുടെ പ്രതിമാസ തവണ തുകയുടെ 3 ഇരട്ടിയിൽ കൂടുതൽ നെറ്റ് ശമ്പളം ഉ ണ്ടായിരിക്കണം. 2.5 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് ഒരു ഉദ്യോഗസ്ഥന്റെ ജാമ്യം മതിയാകുന്നതാണ്. പരമാവധി 5 ലക്ഷം രൂപവരെ ഉദ്യോഗസ്ഥ ജാമ്യവ്യവസ്ഥയിൽ വായ്പ അനുവദിക്കുന്നതാണ്.

3. **വായ്പാ തിരിച്ചടവ് സംവിധാനം**

കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (കെ.എസ്.എം.ഡി.എഫ്.സി) വായ്പ തിരിച്ചടക്കുന്നതിന് ഫെഡറൽ ബാങ്കുമായി സഹകരിച്ച് ഓൺലൈൻ പേയ്മെന്റ് **ഗെയ്റ്റ്‌വേ** ആരംഭിച്ചിട്ടുണ്ട്. കോർപ്പറേഷന്റെ **വെബ്സൈറ്റ്** ആയ **www.ksmdfc.org** യിൽ ലിങ്ക് ലഭ്യമാണ്. എല്ലാ വായ്പാ അക്കൗണ്ടുകൾക്കും താഴെ പറയും പ്രകാരം വെർച്ചൽ അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. പ്രസ്തുത ലിങ്ക് വഴി താഴെ പറയുന്ന രീതികളിൽ വായ്പാ തുകയുടെ മാസ ഗഡുക്കൾ അടവാക്കാവുന്നതാണ്.

1. യു.പി.ഐ
2. നെറ്റ് ബാങ്കിങ്ങ്
3. ഡെബിറ്റ് കാർഡ്

യു.പി.ഐ വഴിയുള്ള ഇടപാടുകൾ സൗജന്യ നിരക്കിൽ നടത്താവുന്നതാണ്. **ഗെയ്റ്റ്‌വേ** യിലൂടെ അല്ലാതെ നെറ്റ് ബാങ്കിങ്ങ് വഴി വെർച്ചൽ അക്കൗണ്ട് ഉപയോഗിച്ച് ഫെഡറൽ ബാങ്കിന്റെ FDRL0001300 എന്ന IFSC Code ഉപയോഗിച്ച് NEFT വഴിയും സൗജന്യ നിരക്കിൽ വായ്പാ തുക തിരിച്ചടയ്ക്കാവുന്നതാണ്. ഫെഡറൽ ബാങ്കിന്റെ എല്ലാ ശാഖകളിലും വെർച്ചൽ അക്കൗണ്ട് ഉപയോഗിച്ച് പണമായും വായ്പാ തുക അടവാക്കാവുന്നതാണ്. കൂടാതെ താഴെ പറയുന്ന ബന്ധപ്പെട്ട റീജിയണൽ ഓഫീസുകളിലെ റീപേയ്മെന്റ് അക്കൗണ്ടുകളിലേക്ക് മാസ ഗഡുക്കൾ സൗജന്യ നിരക്കിൽ പണമായും സ്വീകരിക്കുന്നതാണ്.

**ഹെഡ് ഓഫീസ്**

**കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ, KURDFC ബിൽഡിംങ്ങ്, ചക്കോരത്തുകുളം, പി.ഒ. വെസ്റ്റ്ഹിൽ, കോഴിക്കോട് – 673 005. PH: 0495 – 2368366, 2369366**

Email: ksmdfc@gmail.com, Website: www.ksmdfc.org

**റീജിയണൽ ഓഫീസുകൾ**

| ക്രമ.നം | ജില്ലകൾ | അപേക്ഷകൾ സമർപ്പിക്കേണ്ട റീജിയണൽ ഓഫീസിന്റെ അഡ്രസ്സ് | ഫോൺ നമ്പർ & ഇ–മെയിൽ & കറന്റ് അക്കൗണ്ട് നം. |
|---|---|---|---|

| | | | |
|---|---|---|---|
| 1 | കണ്ണൂർ, കാസർഗോഡ് | കാസർക്കോട്, കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ റീജിണൽ ഓഫീസ്, ബസ്സ്റ്റാന്റ് ബിൽഡിംങ്ങ്, ചെങ്കള പി.ഒ. ചെർക്കള, – 671541 | 04994 283061, 8714603036, ksmdfckgd@gmail.com Current Account No. 4290002100003021 Punjab National Bank |
| 2 | വയനാട്, കോഴിക്കോട് | കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ, 2 ാം നില , KURDFC ബിൽഡിംങ്ങ്, ചക്കോരത്തു കുളം, പി.ഒ. വെസ്റ്റ്ഹിൽ, കോഴിക്കോട് –673005 | ഫോൺ: 0495 2368366 Mob: 8714603032 projects.ksmdfc@gmail.com Current Account No.4319005500005110 Punjab National Bank |
| 3 | പാലക്കാട്, മലപ്പുറം | മലപ്പുറം, കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ റീജിണൽ ഓഫീസ്, സുന്നീ മഹൽ ബിൽഡിംങ്ങ്, ജൂബിലി മിനി ബൈപ്പാസ്, പെരിന്തൽമണ്ണ – 679322 | ഫോൺ: 0493 3297017 **Mob: 8714603035** ksmdfcmpm@gmail.com Current Account No. 15370200003739 Federal Bank |
| 4 | ഇടുക്കി, എറണാകുളം, കോട്ടയം, തൃശ്ശൂർ | കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ റീജിണൽ ഓഫീസ്, പി.ഡബ്ല്യൂ.ഡി റെസ്റ്റ് ഹൗസ് ബിൽഡിംഗ്, പത്തടിപ്പാലം, കളമശ്ശേരി, എറണാകുളം – 682 033. | ഫോൺ: 0484–2532855 **Mob: 8714603034** ksmdfcekm@gmail.com Current Account No. 448900VS00000013 Punjab National Bank |
| 5 | തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ | കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ റീജിണൽ ഓഫീസ്, മൈനോറിറ്റി കോച്ചിംങ് സെന്റർ, സമസ്താലയം ബിൽഡിംങ്ങ്, മേലേ തമ്പാനൂർ, തിരുവനന്തപുരം – 695001. | ഫോൺ: 0471–2324232 **Mob: 8714603033** tvmksmdfc@gmail.com Current Account No. 4359002100302698 Punjab National Bank |

## കേരള സംസ്ഥാന വഖഫ് ബോർഡ്

1954ലെ വഖഫ് ആക്ട് സമഗ്രമായി പരിഷ്ക്കരിച്ച് 1996 ജനുവരി 1 മുതൽ പ്രാബല്യത്തിൽ വന്നതാണ് 1995–ലെ 43–ാം നമ്പർ വഖഫ് ആക്ട്. 1995–ലെ വഖഫ് ആക്ടിലെ വ്യവസ്ഥക്കനുസൃതമായി രൂപീകരിക്കപ്പെട്ട 4–ാംമത്തേതും 1960 മുതലുള്ള സംസ്ഥാനത്തെ 12–ാംമത്തേതുമായ കേരള സ്റ്റേറ്റ് വഖഫ് ബോർഡ് 01.11.2014–ന് രൂപീകൃതമായി

രാജ്യമെമ്പാടുമുള്ള വഖഫ് സ്വത്തുകൾ അന്യാധീനപ്പെടുന്നത് തടയുന്നതിനും അന്യാധീനപ്പെട്ടവ വീണ്ടെടുക്കുന്നതിനും വഖഫുകളുടെ ഭരണം വ്യവസ്ഥാപിതമായ രീതിയിൽ നടക്കുന്നുവെന്നും വഖഫുകളുടെ പണം ദുരുപയോഗപ്പെടുത്തില്ലെന്ന് ഉറപ്പ് വരുത്തുകയാണ് വഖഫ് ബോർഡിന്റെ പ്രധാന ലക്ഷ്യം.

വഖഫ് സംബന്ധമായോ, സ്വത്ത് സംബന്ധമായോ ഉണ്ടാകുന്ന തർക്കങ്ങളിലും വ്യവഹാരങ്ങളിലും ബോർഡിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾക്ക് മാത്രമേ നിയമത്തിന്റെ പരിരക്ഷ ലഭിക്കുകയുള്ളു.

## വഖഫ് വസ്തുക്കളുടെ രജിസ്ട്രേഷൻ

വഖഫ് വസ്തുക്കൾക്ക് പ്രത്യേക പരിരക്ഷ ലഭിക്കണമെങ്കിൽ അവ ബോർഡിൽ രജിസ്റ്റർ ചെയ്യേണ്ടത് അനിവാര്യമാണ്. വഖഫ് സ്ഥാപനങ്ങളായ പള്ളി, മദ്രസ്സ ധർമ്മപരമോ മതപരമോ ആയ ഉദ്ദേശ ലക്ഷ്യങ്ങൾ മുൻ നിർത്തി രൂപീകരിച്ചിട്ടുള്ളതും 1882ലെ ഇന്ത്യൻ

ട്രസ്റ്റ് ആക്ട് 1860–ലെ സൊസൈറ്റീസ് ആക്ട് എന്നിവ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതും അല്ലാത്തതുമായ എല്ലാ സ്ഥാപനങ്ങളും ബോർഡിൽ രജിസ്റ്റർ ചെയ്യേണ്ടത് നിർബന്ധമാണ്. വഖഫ് നിയമം 36(1) (2) വകുപ്പുകൾ അനുശാസിക്കുന്ന പ്രകാരം മുതവല്ലിമാർ/കമ്മിറ്റികൾ രജിസ്റ്റർ ചെയ്യാൻ വീഴ്ച വരുത്തുന്നത് പക്ഷം വഖഫ് നിയമം 61(2) വകുപ്പു പ്രകാരം ഇവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കാവുന്നതും 15000/ രൂപ വരെ പിഴയും 6 മാസം വരെ തടവും ശിക്ഷ വിധിക്കാവുന്നതുമാണ്. ഒരു മുതവല്ലി വഖഫ് സംബന്ധിച്ച വിവരങ്ങൾ മറച്ച് വെയ്ക്കുകയാണെങ്കിൽ 1000 രൂപ വരെ പിഴയും 6 മാസം വരെ തടവും ശിക്ഷ വിധിക്കാവുന്നതുമാണ്. വഖഫ് നിയമം 41 വകുപ്പ് പ്രകാരം ഒരു വഖഫ് വസ്തു സ്വമേധയാ രജിസ്റ്റർ ചെയ്യുവാനുള്ള അധികാരം ബോർഡിനുണ്ട്.

## വഖഫ് ബോർഡിന്റെ പ്രവർത്തനങ്ങൾ

- **മുതവല്ലി ബോധവൽക്കരണ ക്യാമ്പ്**

  വഖഫ് നിയമങ്ങളെക്കുറിച്ചും വഖഫ് ഭരണത്തെക്കുറിച്ചും മുതവല്ലിമാരുടെ ബാധ്യതകളെകുറിച്ചും അവബോധം ഉണ്ടാക്കുക, വഖഫ് ബോർഡ് അംഗങ്ങളും മുതവല്ലിമാരുമായി നേരിട്ട് ആശയ വിനിമയം നടത്താൻ അവസരമൊരുക്കുക മുതലായ ലക്ഷ്യങ്ങളോടെ വഖഫ് ബോർഡ് വിവിധ ജില്ലകളിൽ മുതവല്ലി ബോധവത്ക്കരണ ക്യാമ്പുകൾ നടത്തി വരുന്നു.

- **വഖഫ് ബോർഡിന്റെ ക്ഷേമ പദ്ധതികൾ**

  ബോർഡിൽ രജിസ്റ്റർ ചെയ്ത മഹല്ല് ജമാഅത്തുകളുടെ അംഗങ്ങൾക്ക് മാത്രമേ ബോർഡിന്റെ സാമൂഹ്യക്ഷേമ പദ്ധതിയിലൂടെ നൽകുന്ന സാമ്പത്തിക സഹായത്തിന് അർഹത ലഭിക്കുകയുള്ളൂ. പള്ളി, മദ്രസ്സകളിലെ ജീവനക്കാർക്ക് പെൻഷൻ, നിർധനരായ മുസ്ലീം പെൺകുട്ടികൾക്ക് വിവാഹ സഹായം, വിദ്യാഭ്യാസത്തിനും രോഗചികിത്സയ്ക്കുമുള്ള സഹായം സാമൂഹ്യക്ഷേമ പദ്ധതികളിലൂടെ നൽകി വരുന്നു.

- **വിദ്യാഭ്യാസ സഹായം**
  - സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് എം.ബി.ബി.എസ്, ബി.ടെക്, ബി.ടെക് ലാറ്ററൽ, ബി.ഡി.എസ്, ബി.വി.എസ്.സി, ബി.എച്ച്.എം.എസ്, ബി.എ.എം.എസ്, ബി.യു.എം.എസ് (യുനാനി മെഡിസിൻ) ബി.എസ്.സി നെഴ്സിംഗ്, ജനറൽ നെഴ്സിംഗ്, ബിഫാം, എംഫാം, ഡിഫാം, എം.ബി.എ. എം.സി.എ തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്നതിന് പലിശരഹിത ലോൺ സ്കോളർഷിപ്പുകൾ.
  - വിവിധ കോഴ്സുകളുടെ പ്രത്യേകതകൾ പരിഗണിച്ച് പ്രതിമാസം 2500/– രൂപ വീതം ലോൺ.
  - യത്തീം ഖാനകളിലെ അന്തേവാസികൾക്ക് പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്നതിന് വർഷംതോറും 10,000/ രൂപ വീതം സ്കോളർഷിപ്പുകൾ.

- **ഇസ്ലാമിക് ചെയർ**

  ഇസ്ലാമിക സാഹിത്യവും പഠനവും ലക്ഷ്യം വെച്ച് ബോർഡിന്റെ സാമൂഹ്യക്ഷേമ പദ്ധതിയിൽ ഉൾപ്പെടുത്തി കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ ഒരു ഇസ്ലാമിക് ചെയർ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. കണ്ണൂർ യൂണിവേഴ്സിറ്റിയിൽ ഒരു ഇസ്ലാമിക് ചെയർ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## വഖഫുക്കൾക്കായുള്ള പദ്ധതികൾ

1. **സെൻട്രൽ വഖഫ് കൗൺസിൽ വായ്പാ പദ്ധതി**
   (www.central waqfcouncil.gov.in)

- കേരളത്തിലെ വഖഫ് സ്ഥാപനങ്ങൾക്ക് ശാദി മഹൽ, ഷോപ്പിംഗ് കോംപ്ലക്സ്, ആഡിറ്റോറിയം, ഹോസ്പ്പിറ്റൽ, വിദ്യാഭ്യാസ സമുച്ചയങ്ങളുടെ നിർമ്മാണം.
- വഖഫ് വസ്തു വകകൾ അഭിവൃദ്ധിപ്പെടുത്തുന്നതിന്/വഖഫിന്റെ വരുമാനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പുതിയകെട്ടിടങ്ങൾക്കും പഴയ കെട്ടിടങ്ങൾ വിപുലീകരിക്കുന്നതിനും.
- വസ്തുവില ഒഴിച്ചിട്ടുള്ള പദ്ധതി തുകയുടെ 75% വായ്പ ലഭിക്കുന്നു. ചില പ്രത്യേക സന്ദർഭങ്ങളിൽ 75% അധികം സംഖ്യയും അനുവദിക്കാറുണ്ട്.

**<u>നിർദ്ദിഷ്ട അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ</u>**

- വസ്തുവിന്റെ ആധാർ പകർപ്പ്, സൈറ്റ് പ്ലാൻ, ബിൽഡിംഗ് പെർമിറ്റ്
- കെട്ടിട നിർമ്മാണം സംബന്ധിച്ച പ്ലാൻ, എസ്റ്റിമേറ്റ്, പ്രോജക്റ്റ് റിപ്പോർട്ട്
- റീവാലിഡേഷൻ സർട്ടിഫിക്കറ്റ്, കുടിക്കട സർട്ടിഫിക്കറ്റ്, കൈവശ സർട്ടിഫിക്കറ്റ്

## 2. വഖഫ് ബോർഡ് മുഖേന നിയമാനുസൃതമായി വിദേശ സഹായം സ്വീകരിക്കുന്നതിനുള്ള പദ്ധതി.

ഫോറിൻ കോൺട്രിബ്യൂഷൻ റഗുലേഷൻ ആക്റ്റ് പ്രകാരം കേരള സ്റ്റേറ്റ് വഖഫ് ബോർഡിന് രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ളതിനാൽ വഖഫ് ബോർഡിനും ബോർഡ് വഴി വഖഫ് സ്ഥാപനങ്ങൾക്കും നിയമ വിധേയമായി വിദേശ സംഭാവനകൾ സ്വീകരിക്കുവാൻ സാധ്യമാകും.

## 3. വിവാഹ, വിവാഹമോചന സർട്ടിഫിക്കറ്റ്

- അമേരിക്ക, ഇംഗ്ലണ്ട് തുടങ്ങിയ വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന മുസ്ലീങ്ങൾക്ക് അവരുടെ ഭാര്യമാരെ അവരോടൊപ്പം താമസിപ്പിക്കുന്നതിന് അവർ വിവാഹിതരാണെന്ന് തെളിയിക്കുന്ന വഖഫ് ബോർഡിന്റെ സാക്ഷ്യപത്രമാണ് സ്വീകരിക്കുന്നത്. അതുപോലെ തന്നെ വിവാഹ മോചന സർട്ടിഫിക്കറ്റും വഖഫ് ബോർഡിൽ നിന്നും നൽകി വരുന്നുണ്ട്.
- വിദേശ നയതന്ത്ര ഓഫീസുമായി ബന്ധപ്പെട്ട് പാസ്പോർട്ട്, വിസ എന്നിവയിൽ ഭേദഗതി വരുത്തുന്നതിന് അംഗീകൃത രേഖകളുടെ അടിസ്ഥാനത്തിൽ വിവാഹമോചന സർട്ടിഫിക്കറ്റ് നൽകി വരുന്നു.

# കേരള സ്റ്റേറ്റ് വഖഫ് ബോർഡ് മുഖേന നൽകി വരുന്ന വിവിധപദ്ധതികളുടെ അപേക്ഷാ ഫോമുകൾ ബോർഡ് വെബ്സൈറ്റിൽ ലഭ്യമാണ്.

**മേൽവിലാസം :-**

- **<u>ഹെഡ് ആഫീസ്</u>**

**കേരള സംസ്ഥാന വഖഫ് ബോർഡ്, വി.ഐ.പി റോഡ്, കല്ലൂർ, കൊച്ചി– 682 017 ഫോൺ: 0484–2342485, 0484–2346091**

- **<u>ഡിവിഷണൽ ആഫീസുകൾ</u>**

**1. കേരള സംസ്ഥാന വഖഫ് ബോർഡ്, ഡിവിഷണൽ ആഫീസ്, 11/706(5), ആർട്ട് ലീ കംഫർട്ട്, നളന്ദ റോഡ്, പി.എം.ജി, തിരുവനന്തപുരം– 685 033 ഫോൺ: 0471–2724432**

**2. കേരള സ്റ്റേറ്റ് വഖഫ് ബോർഡ്, ഡിവിഷണൽ ഓഫീസ്, റിഷ് വില്ല, ഗ്രീൻസ് 100, നിയർ റയിൽവേ സ്റ്റേഷൻ, ചങ്ങനാശ്ശേരി, കോട്ടയം– 686 101 ഫോൺ: 0481–2424844**

**3. കേരള സ്റ്റേറ്റ് വഖഫ് ബോർഡ്, ഡിവിഷണൽ ഓഫീസ്, ഹാഷിമി ടവർ, മസ്ജിദ് റോഡ്, കൊക്കാല, തൃശൂർ– 680 021 ഫോൺ: 0487–2972388**

**4. കേരള സ്റ്റേറ്റ് വഖഫ് ബോർഡ്, ഡിവിഷണൽ ഓഫീസ്, കെ.എസ്.ഇ.ബി.കോംപ്ലക്സ്, കോഴിക്കോട് റോഡ്, മഞ്ചേരി, മലപ്പുറം ഫോൺ: 0483–2970021**

**5. കേരള സ്റ്റേറ്റ് വഖഫ് ബോർഡ്, ഡിവിഷണൽ ഓഫീസ്, ഏറോത്ത് സെന്റർ, ബാങ്ക് റോഡ്, കോഴിക്കോട് ഫോൺ: 0495–2366991**

**6. കേരള സ്റ്റേറ്റ് വഖഫ് ബോർഡ്, ഡിവിഷണൽ ഓഫീസ്, സുഫാഷ് റസിഡൻസി, ബിൽഡിംഗ് നമ്പർ ജില്ല, ആയുർവ്വേദ ഹോസ്പിറ്റൽ റോഡ്, താന, കണ്ണൂർ– 670 012 ഫോൺ: 0497–2707037**

## 4. <u>കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി</u>

ഇന്ത്യൻ പാർലമെന്റ് പാസാക്കിയ സെൻട്രൽ ഹജ്ജ് കമ്മിറ്റി ആക്ട് – 2002 പ്രകാരമാണ് കേന്ദ്ര ഹജ്ജ് കമ്മിറ്റിയും സംസ്ഥാന ഹജ്ജ് കമ്മിറ്റിയും സ്ഥാപിതമായത്. ഹജ്ജ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്ക് സംസ്ഥാന സർക്കാർ എല്ലാ വർഷവും ഗ്രാന്റ് അനുവദിക്കുന്നുണ്ട്. ഇതുകൂടാതെ ഹജ്ജ് കമ്മറ്റിയുടെ തനത് ഫണ്ട് അക്കൗണ്ടിൽ കേന്ദ്ര ഹജ്ജ് കമ്മിറ്റിയിൽ നിന്നും ലഭിക്കുന്ന ഹജ്ജ് അപേക്ഷ പ്രോസസിംഗ് ചാർജ് ഉൾപ്പടെയുള്ള വിഹിതവും ഉണ്ട്. സംസ്ഥാനത്ത് ഹജ്ജ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ എല്ലാ ഭൗതിക സാഹചര്യങ്ങളും സംസ്ഥാന സർക്കാരാണ് ഒരുക്കുന്നത്. സർക്കാർ നോമിനേറ്റ് ചെയ്യുന്ന 16 അംഗ കമ്മിറ്റിയിൽ നിന്നും ഭൂരിപക്ഷാഭിപ്രായ പ്രകാരം ഒരു അംഗത്തെ ചെയർമാനായി തെരഞ്ഞെടുക്കുന്നു. കാലാവധി മൂന്നു വർഷമാണ്.

കേന്ദ്ര ന്യൂനപക്ഷ വകുപ്പിന് കീഴിലെ ഹജ്ജ് കമ്മിറ്റി ഓഫ് ഇന്ത്യയാണ് ഇന്ത്യയിലെ മുഴുവൻ സംസ്ഥാനങ്ങളിലെയും ഹജ്ജ് തീർത്ഥാടനം സംബന്ധിച്ച നയങ്ങളും ക്രിമീകരണങ്ങളും തീരുമാനിച്ച് സംസ്ഥാന ഹജ്ജ് കമ്മിറ്റികളെ അറിയിക്കുന്നത്.

### <u>പ്രവർത്തനങ്ങൾ</u>

- ഹാജിമാരെ സഹായിക്കുന്നതിനും പരിശീലനം നൽകുന്നതിനും ട്രെയിനർമാരെ തെരഞ്ഞെടുക്കുന്നു. ഹജ്ജിനുള്ള അപേക്ഷ ഫോറം ഹജ്ജ് ഹൗസിൽ നിന്നും, അതാത് ജില്ലാ കളക്ടറേറ്റുകളിലെ മൈനോറ്റി സെൽ, അതത് ജില്ലകളിലെ അക്ഷയ സെന്ററുകൾ, ട്രൈനർമാർ, സന്നദ്ധ സേവകർ, എന്നിവിടങ്ങളിൽ ലഭിക്കും. അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുവാനുള്ള സൗകര്യമുണ്ട്.
- കാറ്റഗറി അടിസ്ഥാനത്തിൽ തപാൽ മുഖേനയും നേരിട്ടും അപേക്ഷ സ്വീകരിക്കും.
- അപേക്ഷകരുടെ കാറ്റഗറി അനുസരിച്ച് കൗണ്ടറുകളിൽ സ്വീകരിക്കുകയും അതിന്റെ സൂക്ഷമ പരിശോധന നടത്തുകയും കവർ നമ്പർ അപേക്ഷകന് ലഭ്യമാക്കുകയും ചെയ്യുന്നു.
- സ്വീകരിച്ച അപേക്ഷകൾ കാറ്റഗറി അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി നടത്തി കേന്ദ്ര ഹജ്ജ് കമ്മിറ്റിക്ക് സമർപ്പിക്കുന്നു.
- തെരെഞ്ഞെടുക്കപ്പെട്ടവർക്ക് രേഖാ മൂലം അറിയിപ്പ് നൽകുന്നു.
- **മേൽവിലാസം** – കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി, ഹജ്ജ് ഹൗസ്, കാലിക്കറ്റ് എയർപോർട്ട്, മലപ്പുറം– 673 647.

### <u>തെരെഞ്ഞെടുക്കപ്പെട്ട തീർത്ഥാടകർക്ക് പരിശീലനം നൽകൽ</u>

- മൂന്ന് ഘട്ടങ്ങളിലായി പരിശീലനം നൽകുന്നു.
- **ഒന്നാം ഘട്ടം**: ഹജ്ജ് കമ്മിറ്റിയുടെ മെമ്പർമാരും ഉദ്യോഗസ്ഥരും ട്രൈനർമാരും ഹജ്ജിനു തെരെഞ്ഞെടുക്കപ്പെട്ടവർക്ക് നൽകുന്ന പരിശീലനം. (ഹജ്ജ് കമ്മിറ്റി സംവിധാനം, ഒന്നാം ഘട്ട പണമടയ്ക്കൽ, മെഡിക്കൽ തുടങ്ങിയവ)
- **രണ്ടാം ഘട്ടം**: തെരെഞ്ഞെടുക്കപ്പെട്ട 300 പേർക്ക് വീതം പവർപോയിന്റ് പ്രസന്റേഷനോടുകൂടി വീട്ടിൽ നിന്നും യാത്ര തിരിച്ചു മടങ്ങി വീട്ടിൽ തിരിച്ചെത്തുന്നത് വരെയുള്ള വിശദമായ സാങ്കേതിക ക്ലാസും സംശയ നിവാരണവും.
- **മൂന്നാം ഘട്ടം**: മെഡിക്കൽ വാക്സിനേഷൻ, ഫ്ളൈറ്റ് ഷെഡ്യൂൾ വിവരം, എയർപോർട്ടിൽ എത്തേണ്ട സമയം മുതലായ അവസാന ഘട്ട നിർദ്ദശങ്ങൾ.

**ഹജ്ജ് വളണ്ടിയർമാരെ തെരെഞ്ഞടുക്കൽ**

- ഹാജിമാരെ കേരളത്തിലെ എയർപോർട്ടിൽ സഹായിക്കുന്നതിനും സൗദിയിൽ സഹായിക്കുന്നതിനും വളണ്ടിയർമാരെ തെരെഞ്ഞെടുക്കുന്നു.
- സദാ സമയവും ഹാജിമാരുമായും ബന്ധപ്പെട്ട സർക്കാർ ഓഫീസുകളുമായും കേന്ദ്ര ഹജ്ജ് കമ്മിറ്റി ഓഫീസുമായും ആവശ്യമായ കാര്യങ്ങൾക്ക് ഹജ്ജ് കമ്മിറ്റി ഓഫിസിലെ ഉദ്യോഗസ്ഥരും കമ്മിറ്റിയും ബന്ധപ്പെടുന്നു.
- ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണത്തിനും അറ്റകുറ്റ പണിക്കും അനുമതി നൽകുവാൻ അധി കാരമുള്ള ടെക്നിക്കൽ കമ്മിറ്റി പ്രവർത്തിക്കുന്നു.

**ഹജ്ജ് ക്യാമ്പ്**

കേരളം, മാഹി, ലക്ഷദ്വീപ് എന്നിവിടങ്ങളിൽ നിന്നും ഹജ്ജിനു പോകുന്ന ഹാജിമാരെ ഒരു ദിവസം മുൻപ് ക്യാമ്പിൽ താമസിപ്പിച്ച് യാത്ര പുറപ്പെടുവിക്കുന്നതിനു വേണ്ട ക്രമീകരണങ്ങൾ നടത്തുന്നു.

**ഹജ്ജ് സെൽ**

ഹാജിമാർക്ക് ക്യാമ്പിൽ നിന്നും എയർപോർട്ടിലേക്ക് പോകുന്നതിനു മുമ്പ് യാത്രാ രേഖകളും ആവശ്യമായ നിർദ്ദേശങ്ങളും നൽകുകയും മടങ്ങി വരുമ്പോൾ ഹാജിമാരെ സ്വീകരിക്കുകയും ബന്ധുക്കളോടൊപ്പം വീട്ടിലേക്ക് മടക്കി അയക്കുകയും ചെയ്യുന്നു.

## കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ, കോട്ടയം

| റീജിയണൽ ഓഫീസുകൾ | മേൽവിലാസം & ഫോൺ നമ്പർ |
|---|---|
| തിരുവനന്തപുരം | കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ, റീജിയണൽ ഓഫീസ് , അയ്യൻകാളി ഭവൻ (രണ്ടാം നില) കനകനഗർ, കവടിയാർ പി.ഒ, 695003 വെള്ളയമ്പലം, തിരുവനന്തപുരം, ഫോൺ നം. 0471 – 2316472 ഇമെയിൽ – rmtvmksdcccrc@gmail.com |
| കോട്ടയം | കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ, റീജിയണൽ ഓഫീസ്, റെയിൽവേ സ്റ്റേഷന് സമീപം, നാഗമ്പടം, കോട്ടയം, ഫോൺ നം. 0481 2564304 ഇമെയിൽ – ksdccandrc@gmail.com |
| കോഴിക്കോട് | കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ, റീജിയണൽ ഓഫീസ്, ശാസ്ത്രി നഗർ കോംപ്ലക്സ്, ജില്ലാ സഹകരണ ആശുപത്രിയ്ക്ക് സമീപം, എരഞ്ഞിപ്പാലം പി.ഒ., കോഴിക്കോട്. ഫോൺ നം. 0495 2367331 ഇമെയിൽ – ksdccroclt@gmail.com |

## കാർപ്പറേഷൻ നടപ്പിലാക്കി വരുന്ന വിവിധ വായ്പ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതികൾ | പരമാവധി വായ്പ തുക | പലിശ നിരക്ക് | തിരിച്ചടവ് കാലാവധി | പ്രായ പരിധി |
|---|---|---|---|---|---|
| 1 | ഭവന നിർമ്മാണ വായ്പ | 4,00,000/ | 6% | 144 മാസ തവണകളായി | 18–55 |

| | | | | | |
|---|---|---|---|---|---|
| 2 | ഭവന പുനരുദ്ധാരണ വായ്പ | 2,00,000/ | 6% | 120 മാസ തവണകളായി | 18–55 |
| 3 | ഉയർന്ന വരുമാനക്കാർക്കുള്ള ഭവന വായ്പ പദ്ധതി | 4,00,000/ | 7% | 144 മാസ തവണകളായി | 1845 |
| 4 | ഭവന പൂർത്തീകരണ വായ്പ | 2,50,000/ | 6% | 120 മാസ തവണകളായി | 18–55 |
| 5 | ഭൂരഹിത ഭവനരഹിത വായ്പ | 5,25,000/ | 6% | 144 മാസ തവണകളായി | 18–50 |
| 6 | വീടും സ്ഥലവും വായ്പ പദ്ധതി | 10,00,000/ | 6% | 180 മാസ തവണകളായി | 1845 |
| 7 | വിവാഹ വായ്പ | 2,00,000/ | 5% | 60 മാസ തവണകളായി | 18–55 |
| 8 | സ്വയംതൊഴിൽ വായ്പ | 5,00,000/ | 6% | 60 മാസ തവണകളായി | 18–45 |
| 9 | വിദ്യാഭ്യാസ വായ്പ | 5,00,000/ (@ 1,25,000/- per year) | 4.5% | 60 മാസ തവണകളായി | 18–45 |
| 10 | പ്രൊഫഷണലുകൾക്കുള്ള 'സ്റ്റാർട്ടപ് വായ്പാ പദ്ധതി' | 5,00,000/ | 8% | 60 മാസ തവണകളായി | 1845 |
| 11 | പഠന ആവശ്യങ്ങൾക്കായി ലാപ്ടോപ് വാങ്ങുന്നതിനുള്ള പദ്ധതി | 50,000/ | 6% | 24 മാസ തവണകളായി | 1845 |
| 12 | പൊതു വിദ്യാഭ്യാസ വായ്പ | 5,00,000/ | 4.5% | 60 മാസ തവണകളായി | 18–55 |
| 13 | വ്യക്തിഗത വായ്പ | 3,00,000/ | 8% | 60 മാസ തവണകളായി | 18–55 |
| 14 | സർക്കാർ/അർദ്ധസർക്കാർ ജീവന ക്കാർക്കുള്ള വ്യക്തിഗത വായ്പ | 5,00,000/ | 10% | 60 മാസ തവണകളായി | 20–50 |
| 15 | സർക്കാർ ഉദ്യോഗസ്ഥർക്കുള്ള വാഹന വായ്പ | 5,00,000/ | 10% | 60 മാസ തവണകളായി | 20–50 |
| 16 | ഉയർന്ന വരുമാനമുള്ള ലക്ഷ്യവിഭാഗക്കാർ ക്കുള്ള വ്യക്തിഗത വായ്പ | 5,00,000/ | 10% | 60 മാസ തവണകളായി | 18–55 |
| 17 | ഉയർന്ന വരുമാനമുള്ളവർക്ക് വ്യവസായ വായ്പ | 10,00,000/ | 11% | 60 മാസ തവണകളായി | 1845 |
| 18 | കൃഷിഭൂമി വായ്പ | 4,00,000/ | 5.5% | 100 മാസ തവണകളായി | 18–55 |
| 19 | കാർഷിക വായ്പ പദ്ധതി | 50,000/ | 4% | ഒരു വർഷത്തിനുശേഷം ഒറ്റത്തവണയായി | 1845 |

## വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതികൾ

| | | | | |
|---|---|---|---|---|
| 1 | **വിദ്യാഭ്യാസ പ്രോത്സാഹന സമ്മാനം** | 60% മുതൽ 75 % വരെ | 75%–ത്തിനു മുകളിൽ | എല്ലാ വിഷയങ്ങൾക്കും എ പ്ലസ്സ്/90% |
| | എസ്.എസ്.എൽ.സി.അഥവാ തത്തുല്യം | ഫസ്റ്റ് ക്ലാസ്സ് – 1500/– | 2000/ | 4000/ |
| | പ്ലസ്സ് ടു അഥവാ തത്തുല്യം | ഫസ്റ്റ് ക്ലാസ്സ് – 2500/– | 3000/ | 6000/ |
| | ഡിഗ്രി അഥവാ തത്തുല്യം | ഫസ്റ്റ് ക്ലാസ്സ് – 3500/– | 4000/ | 8000/ |
| | പി.ജി/പ്രൊഫഷണൽ അഥവാ തത്തുല്യം | ഫസ്റ്റ് ക്ലാസ്സ് – 5000/– | 5000/ | 10000/ |
| 2 | മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് പരിശീലനം | 40,000/–രൂപ ധനസഹായം നൽകുന്നു. | | |
| 3 | സ്പോട് ദ ടാലന്റ് പദ്ധതി (നിബന്ധന കൾക്ക് വിധേയം) | നാലാം ക്ലാസ്സ് മുതൽ പത്താം ക്ലാസ്സ് വരെ 3,000/– രൂപ/ 4,000/– രൂപ സ്കോളർഷിപ്പ് നൽകുന്നു. | | |
| 4 | ഫോട്ടോ ജേർണലിസം പരിശീലന പദ്ധതി | ഫോട്ടോ ജേർണലിസം കോഴ്സിന് ധനസഹായം 35,000/– രൂപ | | |

| | | |
|---|---|---|
| 5 | സിവിൽ സർവ്വീസ്, പി.എസ്.സി. കോച്ചിംഗ്, കരിയർ ഗൈഡൻസ് & ബോധവത്ക്കരണ ക്യാമ്പ് | വിദ്യാർത്ഥികളുടെ സർവ്വോന്മുഖ വികസനത്തിന് പരിശീലന പരിപാടി |
| 6 | തൊഴിലധിഷ്ഠിത പരിശീലന പരിപാടി | ലക്ഷ്യവിഭാഗത്തിലെ യുവജനങ്ങളുടെ സാമൂഹ്യവും വിദ്യാഭ്യാസ പരവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുവേണ്ടിയുള്ള തൊഴിലധിഷ്ഠിത വിദ്യാഭ്യാസ പരിശീലനം |

## KSBCDC നടപ്പിലാക്കുന്ന വായ്പാ പദ്ധതികൾ (ഒ.ബി.സി– മതന്യൂനപക്ഷ വിഭാഗങ്ങൾക്ക്)

| ക്രമ നമ്പർ | പദ്ധതി | | For Minorities | | For OBCs |
|---|---|---|---|---|---|
| | | | വാർഷിക വരുമാന പരിധി 1.20 ലക്ഷത്തിന് താഴെ | വാർഷിക വരുമാന പരിധി 1.20 – 8 ലക്ഷത്തിന് ഇടയിൽ | വാർഷിക വരുമാന പരിധി 3 ലക്ഷത്തിന് താഴെ |
| 1 | സ്വയം തൊഴിൽ വായ്പ പദ്ധതി | സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് പുതിയ സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് | പരമാവധി വായ്പ തുക : 20ലക്ഷം പലിശ നിരക്ക് : 6% | പരമാവധി വായ്പ തുക : 30 ലക്ഷം. പലിശ നിരക്ക് : സ്ത്രീകൾക്ക് 6%, പുരുഷന്മാർക്ക് 8%. | പരമാവധി വായ്പ തുക : 15 ലക്ഷം. പലിശ നിരക്ക് : 5 ലക്ഷം വരെ 6%. 5 നും 10 നും ഇടയിൽ: 7%, 10 നു മുകളിൽ:8% |
| 2 | റീ ടേൺ സ്വയം തൊഴിൽ വായ്പ പദ്ധതി | പ്രവാസ ജീവിതത്തിനു ശേഷം നാട്ടിൽ സ്ഥിരതാമസമാക്കിയ പിന്നോക്ക ന്യൂനപക്ഷ സമുദായത്തിൽ പ്പെട്ടവർക്ക് സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനുള്ള പദ്ധതി. നോർക്കയുടെ NDPREM പദ്ധതിയിലുൾപ്പെടുത്തി പദ്ധതി അടങ്കലിന്റെ 15% വരെ മൂലധന സബ്സിഡിയായി (പരമാവധി 3 ലക്ഷം രൂപ ) അനുവദിക്കുന്നതാണ് | പരമാവധി വായ്പ തുക : 30 ലക്ഷം. പലിശ നിരക്ക് : 6% | പരമാവധി വായ്പ തുക : 30 ലക്ഷം പലിശ നിരക്ക് : സ്ത്രീകൾക്ക് 6%, പുരുഷന്മാർക്ക് 8%. | പരമാവധി വായ്പ തുക : 30 ലക്ഷം. പലിശ നിരക്ക് : 5 ലക്ഷം വരെ 6%, 5 നും 10 നും ഇടയിൽ: 7%, 10 നു മുകളിൽ:8% |
| 3 | സ്റ്റാർട്ട് അപ്പ് സ്വയം തൊഴിൽ വായ്പ പദ്ധതി | പിന്നോക്ക വിഭാഗത്തിൽപ്പെട്ട ഒ.ബി.സി പ്രൊഫഷണലുകൾക്ക് സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി. വായ്പ തുകയുടെ 20% (പരമാവധി 2 ലക്ഷം) രൂപ സബ്സിഡി ആയി നൽകുന്നു. | പരമാവധി വായ്പ തുക : 20 ലക്ഷം. പലിശ നിരക്ക് : 6% | പരമാവധി വായ്പ തുക : 20 ലക്ഷം. പലിശ നിരക്ക് : സ്ത്രീകൾക്ക് 6%, പുരുഷന്മാർക്ക് 8% | പരമാവധി വായ്പ തുക : 20 ലക്ഷം. പലിശ നിരക്ക് : 5 ലക്ഷം വരെ 6%, 5 നും 10 നും ഇടയിൽ: 7%, 10 നു മുകളിൽ:8% |

<table>
<tr><td>4</td><td>വിദ്യാഭ്യാസ വായ്പ (ഇന്ത്യ യിൽ)</td><td>പിന്നോക്ക സമുദായത്തിൽപ്പെട്ട വർക്കും ന്യൂനപക്ഷങ്ങൾക്കും ഇന്ത്യയിൽ ഉന്നത വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനായി</td><td>പരമാവധി വായ്പ തുക : 15 ലക്ഷം. പലിശ നിരക്ക് : 3%</td><td>പരമാവധി വായ്പ തുക : 20 ലക്ഷം. പലിശ നിരക്ക് : സ്ത്രീകൾക്ക് 5%, പുരുഷന്മാർക്ക് 8%.</td><td>പരമാവധി വായ്പ തുക : 15 ലക്ഷം. പലിശ നിരക്ക് : സ്ത്രീകൾക്ക് 3.5%, പുരുഷന്മാർക്ക് 4%</td></tr>
<tr><td>5</td><td>വിദ്യാഭ്യാസ വായ്പ (വിദേശത്ത്)</td><td>പിന്നോക്ക സമുദായത്തിൽപ്പെട്ട വർക്കും ന്യൂനപക്ഷങ്ങൾക്കും വിദേശത്ത് ഉന്നത വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനായി</td><td>പരമാവധി വായ്പ തുക : 20 ലക്ഷം. പലിശ നിരക്ക് : 3%</td><td>പരമാവധി വായ്പ തുക : 30 ലക്ഷം. പലിശ നിരക്ക് : സ്ത്രീകൾക്ക് 5%, പുരുഷന്മാർക്ക് 8%</td><td>പരമാവധി വായ്പ തുക : 20 ലക്ഷം. പലിശ നിരക്ക് : സ്ത്രീകൾക്ക് 3.5%, പുരുഷന്മാർക്ക് 4%</td></tr>
<tr><td>6</td><td>മൈക്രോഫിനാൻസ്</td><td>സമൂഹത്തിലെ ഏറ്റവും താഴ്ന്ന വരുമാനക്കാർക്ക് ചെറിയ വായ്പകൾ ലഭ്യമാക്കുന്നതിനായി സന്നദ്ധ സംഘടനകളും കുടുംബശ്രീ CDSകളും വഴി മൈക്രോഫിനാൻസ് പദ്ധതി നടപ്പിലാക്കുന്നു. KSBCDC, NGO/CDS കൾക്ക് വായ്പ വിതരണചെയ്യുകയും ടി NGO/CDS കൾ അവർക്ക് കീഴിൽ വരുന്നവർക്ക് SHGകൾ വഴി വായ്പ വിതരണം നടത്തുകയും ചെയ്യുന്നു</td><td>ഒരു വ്യക്തിക്ക് പരമാവധി ഒരു ലക്ഷം രൂപ. ഒരു അയൽക്കൂട്ടത്തിനു പരമാവധി 15 ലക്ഷം രൂപ. ഒരു CDS/NGO ക്ക് പരമാവധി 3 കോടി രൂപ. പലിശ നിരക്ക്: CDS/NGOക്ക് 4% SHG/NHG വ്യക്തി : 5%</td><td></td><td>ഒരു വ്യക്തിക്ക് പരമാവധി ഒരു ലക്ഷം രൂപ, ഒരു അയൽക്കൂട്ടത്തിനു പരമാവധി 15 ലക്ഷം രൂപ ഒരു CDS/NGO ക്ക് പരമാവധി 3 കോടി രൂപ പലിശ നിരക്ക് CDS/NGO ക്ക് 4% SHG/NHG/വ്യക്തി :5%</td></tr>
<tr><td>7</td><td>സുവർണശ്രീ വായ്പ</td><td colspan="2">ബഹുവിധ ആവശ്യങ്ങൾക്ക് (ഗൃഹപുനരുദ്ധാരണം, കമ്പ്യൂട്ടർ വാങ്ങൽ, ഭൂമി വാങ്ങൽ, സോളാർ പാനൽ സ്ഥാപിക്കൽ, തുടങ്ങിയ വിവിധ ആവശ്യങ്ങൾക്കായി)</td><td colspan="2">വാർഷിക വരുമാന പരിധി 3 ലക്ഷത്തിന് താഴെ പരമാവധി വായ്പ തുക : 3 ലക്ഷം പലിശ നിരക്ക് : 8%</td></tr>
<tr><td>8</td><td>വിവാഹ ധനസഹായ വായ്പ</td><td colspan="2">താഴ്ന്ന വരുമാനക്കാരായ പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം നൽകുന്നതിനായി</td><td colspan="2">വാർഷിക വരുമാന പരിധി 3 ലക്ഷത്തിന് താഴെ പരമാവധി വായ്പ തുക : 2 ലക്ഷം പലിശ നിരക്ക് : 6%</td></tr>
<tr><td>9</td><td>ബിസിനസ് ഡെവലപ്മെന്റ് സ്കീം</td><td colspan="2">ഒരു സ്വയം തൊഴിൽ സംരംഭം ആരംഭിച്ച് രണ്ടു വർഷം കഴിഞ്ഞ വർക്ക് നിലവിലെ സംരംഭം വിപുലീകരിക്കുന്നതിന്</td><td colspan="2">വാർഷിക വരുമാന പരിധി 8 ലക്ഷത്തിന് താഴെ പരമാവധി വായ്പ തുക : 5 ലക്ഷം പലിശ നിരക്ക് : 8%</td></tr>
<tr><td>10</td><td>പ്രവർത്തന മൂലധന വായ്പ</td><td colspan="2">കെ എസ് ബി സി ഡി സിയിൽ നിന്നും സ്വയം തൊഴിൽ വായ്പ എടുത്ത് സംരംഭം ആരംഭിച്ചവർക്ക് തിരിച്ചടവ് കാലാവധി കഴിഞ്ഞതിനു ശേഷം പ്രസ്തുത സംരംഭത്തിന് പ്രവർത്തന മൂലധന ആവശ്യാർഥം നൽകുന്നതിന്</td><td colspan="2">വാർഷിക വരുമാന പരിധി 3 ലക്ഷത്തിന് താഴെ പരമാവധി വായ്പ തുക : 5 ലക്ഷം പലിശ നിരക്ക് : 7%</td></tr>
</table>

| | | | |
|---|---|---|---|
| 11 | വ്യക്തിഗത വായ്പ | വ്യക്തിപരമായ ആവശ്യത്തിന് | വാർഷിക വരുമാന പരിധി 8 ലക്ഷത്തിന് താഴെ പരമാവധി വായ്പ തുക : 5 ലക്ഷം<br>പലിശ നിരക്ക് : 9.5% |
| 12 | സ്വസ്തഗൃഹ(ഗൃഹപുനരുദ്ധാരണ വായ്പ) | സർക്കാർ അർദ്ധസർക്കാർ സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്നവർക്ക് ഗൃഹപുനരുദ്ധാരണത്തിന് നൽകുന്ന വായ്പ | വാർഷിക വരുമാന പരിധി 8 ലക്ഷത്തിന് താഴെ പരമാവധി വായ്പ തുക : 5 ലക്ഷം<br>പലിശ നിരക്ക് : 9% |
| 13 | വാഹന വായ്പ | സർക്കാർ – അർദ്ധസർക്കാർ സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്നവർക്ക് ടൂ വീലർ ഫോർ വീലർ എന്നിവ വാങ്ങുന്നതിനുള്ള വായ്പ | വാർഷിക വരുമാന പരിധി 8 ലക്ഷത്തിന് താഴെ പരമാവധി വായ്പ തുക : 5 ലക്ഷം<br>പലിശ നിരക്ക് : 8% |
| 14 | എന്റെ വീട് വായ്പ പദ്ധതി | ഭവന രഹിതരായ പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്ക് വീട് നിർമിക്കുന്നതിനുള്ള വായ്പ പദ്ധതി | വാർഷിക വരുമാന പരിധി 3 ലക്ഷത്തിന് താഴെ പരമാവധി വായ്പ തുക : 5 ലക്ഷം<br>പലിശ നിരക്ക് : 6.5%<br>വാർഷിക വരുമാന പരിധി 3 ലക്ഷത്തിനും 8 ലക്ഷത്തിനും ഇടയിൽ ഉള്ളവർക്ക് പരമാവധി വായ്പ തുക : 10 ലക്ഷം<br>പലിശ നിരക്ക് : 7% |